# അമൃതവാണി

(വ്യാഖ്യാനം)

MALAYALAM

കൃതികർത്താവ്

**ശ്രീ സ്വാമി സത്യാനന്ദ്ജീ മഹാരാജ**

വ്യഖ്യാനകർത്താവ്

**ഡോക്ടർ. വിശ്വാമിത്ര**

1

*പ്രസാധകൻ*

**ശ്രീ സ്വാമി സത്യാനന്ദ ധർമാർത്ഥ ട്രസ്റ്റ്**

8, റിംഗ് റോഡ്, രാജപഥ നഗർ - 4

ന്യൂഡൽഹി - 100 024

സംവത് - 2053

എ. ഡി - 1997

*അച്ചടിച്ചവർ*

ബ്രില്ല്യൻറ്റ് പ്രിൻറ്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്

ബാംഗ്ലൂർ - 560 054

ഫോൺ - 3366547, 331 7541

2

# പരമസന്ത്
# ശ്രീ സ്വാമി സത്യാനന്ദജീ മഹാരാജ്

1861 തിയതി (വിക്രമിവർഷം 1918)
ചൈത്ര പൂർണിമയിലെ
ജഗൂവിലെമോരാ (ഇപ്പോൾ പാകിസ്ഥാനിൽ) എന്ന ഗ്രാമത്തിലെ ഒരു ബ്രാഹ്മണ കുടുംബതിൽ ദിവ്യമൂർത്തി സ്വാമിജി ജനിച്ചു. ഇദ്ദേഹത്തിന്റ ബാല്യാവസ്ഥയിൽ മാതാ പിതാക്കൾ ദിവംഗതരായതിനാൽ ഏതാണ്ട് 6 വർഷംവരെ അങ്കരാ എന്ന ഗ്രാമത്തിൽ (ജമ്മു കാശ്മീരിൽ) തന്റെ മുത്തശ്ശിയുടെ സംരക്ഷണയിൽ ആയിരുന്നു. തന്റെ പത്താമത്തെ വയസ്സിൽ മുത്തശ്ശിയുടെ ശരീരവും നിശ്ചലമായി, ജൈന സന്യാസികളുടെ ഉപദേശങ്ങളിൽ ആകർഷിക്കപ്പെട്ട് 17-ാം മത്തെ വയസ്സിൽ വീടു ഉപേക്ഷിച്ച് അവരുടെ കൂട്ടത്തിൽ ജീവിക്കുകയും 19-ാം മത്തെ വയസ്സിൽ ജൈനമുനിയാവുകയും ചെയ്തു. ഇതിനിടയിൽ അദ്ദേഹം സംസ്കൃതം പഠിച്ച് ജൈന ഗ്രന്ഥങ്ങൾ വായിച്ചു.

ആദ്ധ്യാത്മീക ചികിത്സ എന്ന ചെറിയ ഗ്രന്ഥം പഠിച്ചതിനുശേഷം, അതിൻ പ്രകാരം അഭ്യാസം ചെയ്തതിനാൽ സ്വാമിജിയുടെ വിശ്വാസം, പരമേ

ശ്വരന്റെ സർവജ്ഞത, സർവത്ര വിദ്യാമാനത, സർവശക്തിമത, മുതലായവയിലേയ്ക്കു വർദ്ധിച്ചു പരമേശ്വരന്റെ സച്ചിദാനന്ദ സ്വരൂപത്തിലേയ്ക്കു അദ്ദേഹത്തിന്റെ ശ്രദ്ധ സുശക്തമായി. 30താമത്തെ വയസ്സിൽ ജൈനയതികളിൽ നിന്നും സ്നേഹ പൂർവകമായ കൃതജ്ഞതയോടു കുടി വിടവാങ്ങി ആര്യസമാജത്തിൽ ചേർന്നു ഡിസംബർ 28-1891-ൽ മലേർക്കോട്ടല (പഞ്ചാബ്) യിലെ ആര്യസമാജ മണ്ഡപത്തിൽ വച്ചു സന്യാസ ദീക്ഷ സ്വീകരിച്ചു. അതിനുശേഷം ജലന്ധർ സിറ്റിയിൽ താമസിച്ചു അദ്ദേഹം നിയമാനുസരണം ശാസ്ത്രാഭ്യാസം ചെയ്യുകയ്യും ഉപനിഷത്തുകൾ, മഹാഭാരതം, രാമായണം, മുതലായ വേദങ്ങളെ ആധാരമാക്കി കഥകൾ എഴുതുവാനും തുടങ്ങി. ആയിരക്ക ണക്കിനു ജനങ്ങൾ മഹാരാജജിയുടെ ശബ്ദനിർഭരവും മധുരമയവുമായവാക്കുകൾ ഉച്ചഭാഷിണി യില്ലാതെ കേട്ടിരുന്നു. ഇതിനിടയിൽ അദ്ദേഹം ദയാനന്ദ പ്രകാശ് സത്യ ഉപദേശമാലാ, ഓംകാര ഉപാസന, ആര്യസമാജീക ധർമ്മം, സന്ധ്യാ യോഗം, ഈശ്വര ദർശനം ദയാനന്ദവചനാമൃതം മുതലായ പുസ്തകങ്ങൾ എഴുതി. ചില പുസ്തകങ്ങൾ ഇപ്പോഴും വേദ ലോകത്തിൽ ആദരണീയമാണ്. ഏതാണ്ട് 25 വർഷം വരെയും ആദ്ദേഹം വേദ പ്രചാരം നടത്തിപോന്നു.

1925ൽ ദയാനന്ദ മഹർഷിയുടെ ജൻമ ശതാബ്ദി മഹോത്സവ സമയത്ത് ഏകാന്തവാസം നയിക്കുവാനുള്ള ഉൾപ്രേരണയുണ്ടാവുകയും അദ്ദേഹം ഹിമാചല പ്രദേശത്തെ ഡൽഹൗസി എന്ന നിർജ്ജനസ്ഥലത്തേയ്ക്കുപോവുകയും ചെയ്തു. കുറെദിവസങ്ങൾ അനവരതസാധന ചെയ്യു കയ്യും പരമപ്രാപ്തി കിട്ടുന്നതുവരെയും താൻ ഏകാഗ്ര ചിന്തനായി ഇവിടെ ഇരിക്കും എന്ന് ആദ്ദേഹം ദൃഢപ്രതിജ്ഞ ചെയ്യുകയും ചെയ്തു. ഏതാണ്ട ഒരു മാസത്തിനുശേഷം

1925ൽ വ്യാസപൂർണ്ണമി ദിവസം അദ്ദേഹം പ്രാർത്ഥനയിൽ നിമഗ്ന നായിരുന്നപ്പോൾ അതിമനോഹരവും, ആകർ ഷീകവുമായ മധുര സ്വരത്തിൽ അദ്ദേഹത്തിനു രാം എന്നശബ്ദം കേൾക്കുവാൻ കഴിഞ്ഞു. അതിനുശേഷം ആജ്ഞാരൂപത്തിലുള്ള ശബ്ദം രാം ഭജനം ഭജ രാംരാം പരമാത്മാ വിന്റെ തേജസ്വരൂപത്തിന്റെ ദർശനമുണ്ടായി. പരമാത്മാ ശബ്ദം വന്നു ശ്രീ രാമനെ ശ്രേഷ്ഠഗുരുവായി സ്വീകരിച്ചു. 1928ൽ രാമനാമ ദാന (ദീക്ഷാ) സേവാകാര്യം ആരംഭിച്ചു. അനേകഗ്രന്ഥങ്ങൾ രചിച്ചു. ഉദാഹരണമായി ഭക്തിപ്രകാശ് വാത്മീകിരാമായണ സാരം, ശ്രീ ഭഗവത്ഗീത, ഏകാദശോപോതി ഷത്സം ഗ്രഹം,

പ്രാർത്ഥനയും പ്രാർത്ഥനയുടെ പ്രഭാവം, ആരാധകരുടെ ആത്മീയ ജീവൻ. ഭക്തിയും ഭക്തിയുടെ ലക്ഷണം സ്ഥിരപ്രജ്ഞ യുടെ ലക്ഷ ണം ഭജനവും ധ്വനി സംഗ്രഹവും, അമൃതവാണി മുതലായവ. അദ്ദേഹം രചിച്ച ചെറിയ ഗ്രന്ഥമാണ് അമൃതവാണി. അദ്ദേഹത്തിന്റെ പ്രവചനങ്ങളുടെ സമഗ്രഹം പ്രവചന പീയൂഷം എന്ന പുസ്തകമാണു. ദേശവിദേശങ്ങളിൻ രാമനാമം സ്വീകരിച്ചു ഈ പതീതപാവനവും, മധുരവും സർവ്വശക്തിമയവു മായ നാമത്തെ ആരാധിച്ച് സാധക ശാന്തി ലാഭം ലഭിച്ചുകൊണ്ടിരിന്നു.

1960 (സംവത് 2017) നവംബർ 13-ാം തിയതി രാത്രി 10 മണിക്ക് ഈസി ദ്ധമഹാത്മാ 99-ാം മത്തെ ദീർഘായുസ്സിൽ ഡൽഹിയിൽ നിർവ്വാണ പാദം സ്വീകരിച്ചു. സ്വാമീജിയാൽ രചിക്കപ്പെട്ട അമൃതവാണി വായിക്കാത്ത ഒരു മൂലയും ഈപ്രപഞ്ചത്തിലില്ല മാത്രമല്ല അതിനാൽ നല്കപ്പെട്ട രാമനാമ പ്രസാദം സ്വീകരിക്കാത്തവരും ഇല്ല.

## അമൃതവാണി

എപ്രകാരം വചന ശബ്ദസമൂഹം, അമൃതമാണോ, അങ്ങിനെയുള്ള ശബ്ദം അമരത്വം പ്രദാനം ചെയ്യുന്നവോ അമരമാകുന്നുവോ, അങ്ങിനെയുള്ള പദം സംസാരിക്കുകയും, പാടുകയും ചെയ്യുന്നതിനാൽ ആവ്യക്തി അമരനാകുന്നു അതേ അമൃതവാണി.

# സർവശക്തിമതേ പരമാത്മനേ ശ്രീരാമായ നമഃ

സർവശക്തികളാലും, സമ്പന്നനായ ശ്രീരാമന് നമസ്കാരം

എല്ലാ ശക്തികളാലും പൂരിതനായ പരമാത്മാ ശ്രീരാമൻ, അതായതു ആരിൽ സംപൂർണ ശക്തികളും ശോഭിക്കുന്നവോ, അതു എല്ലാ ശക്തികളുടെയും സ്വാമി ആകുന്നവോ, അവർക്ക് നമസ്കാരം.

സർവശക്തിമതായ പരമാത്മാവിന്റെ മുമ്പിൽഞാൻ കുമ്പിടുന്നു, അതായതു ഞാൻ അദ്ദേഹത്തിന്റെ ആശ്രയത്തിൽ പോകുന്നു, സർവ്വവും ഞാൻ അദ്ദേഹത്തിന്റെ മുമ്പിൽ സമർപ്പിക്കുന്നു.

***പരമാത്മാ*** **:** സർവശ്രേഷ്ഠ ആത്മാ

***ശ്രീ*** **:** ശ്രീമാൻ

***ശ്രീ*****:** ശോഭ, കീർത്തി, ഐശ്വര്യം, വിജയം, സൗഭാഗ്യം, വൈഭവം, മഹിമ, തേജസ്സ്, ലക്ഷ്മി.

## രാമകൃപാ അവതരണം

**ശ്രീരാമ കൃപയുടെ കിഴിൽ ഇറങ്ങുക**
**ഭക്തന്റെമേൽ ശ്രീരാമന്റെ കൃപയുണ്ടാവുക**
**പ്രഭു രാമനിൽ നിന്നും കൃപ ഒഴുക്കുക**
**ശ്രീരാമ കൃപയുടെ ഉദയം ഉണ്ടാകുകയും**
**കൃപാഃ അനുഗ്രഹം, കരുണ, ദയ**

**പരമ കൃപാ സ്വരൂപ ഹേ, പരമപ്രഭു ശ്രീരാമ**
**ജനപാവന പരമാത്മാ, പരമ-പുരുഷ-സുഖദാമ 1**

സർവ്വോൽ കൃഷ്ട പ്രഭു ശ്രീരാമന്റെ സുന്ദര രൂപം ആണ്സർവ്വോച്ച കൃപ അതായതു ആരു ശ്രേഷ്ഠമായ കൃപാരൂപമാകുന്നവോ, അവരുടെ രൂപമാണ് കൃപ. ആ കൃപാരൂപം പരമാത്മാ മനുഷ്യനെ പവിത്രം ആക്കുന്നവയാണ്. പുരുഷോത്തമനാണ്യ്. സർവ്വോപരിയാണ്. സർവ്വശ്രേഷ്ഠമാണ്, സർവ്വോത്തമ പുരുഷനാണ്. സുഖത്തിന്റെ പരമഃ സർവ്വശ്രേഷ്ഠം.

**സുഖദാഹെ ശുഭാ കൃപാ ശക്തിശാന്തി സ്വരൂപ,**
**ഹെ ജ്ഞാന ആനന്ദമയി, രാമകൃപാ അന്യപ 2**

പ്രഭു രാമന്റെ രൂപം ആണ് പരമമായ കൃപ. പക്ഷെ അവരുടെ സ്വരൂപം (ആന്തരിക സ്വഭാവം) സുഖംനൽകുന്നതാണ്. മംഗളം ചെയ്യുന്നവയാണ്. സന്തോഷം ഇഛര, നന്മ, സൗഭാഗ്യം പ്രദാനം

ചെയ്യുന്നവയാണ്. അതായതു, അവരുടെ കൃപ അതുല്യനീയവും, ജ്ഞാനത്തിന്റെയും ആനന്ദത്തിന്റെയും ഭണ്ഡാരവും, ശക്തിസാമർത്ഥ്യവും, ശക്തി ആനന്ദത്തിന്റെ അക്ഷയ സ്രോതവും, ആണ്, രാമ കൃപ സുഖംനൽകുന്നതാണ. എല്ലാവ ർക്കും മംഗളം പ്രദാനം ചെയ്യുന്നതാണ്. ശക്തിയും ശാന്തിയും അതിന്റെ സത്യരൂപം ആണ്. അതു ആനന്ദത്താലും ജ്ഞാനത്താലും പരിപൂർ ണ്ണമാണ്. അതുകൊണ്ട് സർവ്വശ്രേഷ്ഠമാണ്.

രൂപസ്വരൂപം = ആഭ്രഷണത്തിന്റെ രൂപം - മാല, വള, കാതിലെ കുണ്ഡലം, മോതിരം, പക്ഷേഅതിന്റെ സ്വരൂവും സ്വർണ്ണം - മിശ്രീചപടി ആണ്. കൂജ ആണ്. ആനന്ദം നൽകുന്നവയാണ്. ഇതു മിശ്രിയെകാണിക്കുന്ന രൂപം ആണ്. പക്ഷേ മിശ്രിയുടെ രൂപം മധുരം ആണ്. എല്ലാത്ത രത്തിലുള്ള മിശ്രമധുരമാണ്.

**പരമ പുണ്യപ്രതീക ഹേ, പരമ ഈശ കാ നാമ**
**താരക മന്ത്രശക്തി ഘര - ബീജാക്ഷര ഹെ രാമ 3**

പരമേശ്വർ - സ്വാമീ, ശ്രേഷ്ഠമയമായ ഭരണകർത്ത അതായത് ഭഗവാന്റെ പേരു ശ്രേഷ്ഠമായ പവിത്രതയുടെ ചിഹ്നമാണ്. ശ്രേഷ്ഠമായ

ശുദ്ധതയുടെ മൂർത്തിയാണ്പേരു. രാം ശക്തിയുടെ ഉച്ചകോടിയാണ്. പൂർണ്ണം എന്നാൽ മൂല മന്ത്രം ആണ്. അവരു സംസാരരൂപിസാഗരത്തിൽ നിന്നം രക്ഷിക്കുന്നവനാണ്. ഉദ്ധരിക്കുന്നവനാണ്. മോക്ഷം നൽകുന്നവനിണ്.

***മന്ത്രം*** : ആരുടെശബ്ദം നമ്മുടെ രക്ഷചെയ്യുന്നുവോ, പാപമോചന ചെയ്യുന്നവോ, എന്നുവച്ചാൽ നമ്മെ പവിത്രമാക്കി മോചന നൽകുമോ ആശബ്ദം രാമന്റെ തെന്നുതെളിയിച്ചു.

***ബീജാക്ഷരം*** : ₹ - അഗ്നിബീജം, अँ സൂരാബീജം, मँ ചന്ദ്രബീജം, ഈ മൂന്നിനുംകൂടി ഒരു ബിജാക്ഷരമാണ്യ്. അതായതു രാമനാമം (രാമശബ്ദം) ഒരു ബീജാക്ഷരമാണ.

സാധകസാധന സാധിയേ, സമരസ കലശുഭസാര
വാചക-വാച്യ ഏക്കഹേ, നിശ്ചിത ധാരവിചാർ 4

അതുകൊണ്ട് ഹേ, ജ്ഞാനി രാമ മന്ത്രത്തെ എല്ലാ, മംഗളങ്ങളുടെയും തത്വമായി മനസിലാക്കി ആദ്ധ്യാത്മീക രീതിയിൽ അഭ്യാസം ചെയ്യുക.

ഈ തത്വത്തെ നിശ്ചിതരൂപത്തിൽ സ്വീകരിച്ചു ഏതുരീതിയിൽ അതിനെ വർണ്ണിച്ചിരിക്കുന്നവോ, അവരുണ്ടും ഒന്നാണ്. തന്റെ ഹൃദയത്തിൽ ഇതു ദൃഢമായി വിശ്വസിക്കുക. പേരും പ്രശസ്തിയും, വായിക്കുന്നവനും, വാചകവും ഒന്നുതന്നെയന്ന്.

**മന്ത്രമയ ഹി മാനിയേ, ഇഷ്ഠദേവഭഗവാൻ**
**ദേവാലയ ഹേ രാം കാ, രാമശബ്ദ ഗുണഖാൻ 5**

തന്റെ പൂജ്യ ആരാധ്യ ദേവത ശ്രീ ഭഗവാൻ മന്ത്രത്തിൻ ശോഭിച്ചു വസിക്കുന്നുവെന്നു വിശ്വസിക്കുക. രാമശബ്ദം ഗുണങ്ങളുടെ ഭണ്ഡാര വും, സ്രോതവും, സർവ്വോന്നതവുമാണ്. അതു രാമന്റെ മന്ദിരവും നിവാസ സ്ഥാനവും ആകുന്നു.

**രാമനാമ ആരാധിയേ, ഭീതർ ഭരിയേ ഭാവ**
**ദേവ ദയാ അവതരണ കാ, ധാർ ചൌഗുനാചാവ 6**

തന്റെ മനസ്സിനെ ഉചിതവർണ്ണിത ഭാവങ്ങളാൽ നിറച്ച രാമന്റെ ദയമനസിലേയ്കു ഇറങ്ങി വരാനുള്ള അതീവ ആഗ്രഹത്താൽ വിവശരാ യിമനസ്സിൽ രാമനാമത്തിന്റെ ഗുണങ്ങളും അർത്ഥങ്ങളും ചിന്തിച്ചു, രാമ നാമത്തിന്റെ മഹിമയെക്കുറിച്ചു വിചാരിക്കുക.

**മന്ത്രധാരണ യോംകർ, വിധിസേലേക്കർ നാമ**
**ജപിയേ നിശ്ചയ അചൽസേ, ശക്തി-ധാമ, ശ്രീരാമ 7**

വിധി പൂർവകമായി നാമ ദീക്ഷസ്വീകരിച്ചു രാമ മന്ത്രത്തെ ഇപ്രകാരം സ്വീകരിച്ച് തന്റെ മനസ്സിനെ ദൃഢ നിശ്ചയപൂർവകമായി മന്ത്രത്തിൽ കേന്ദ്രീകരിച്ച്, ശക്തിയുടെ വീടായ ശ്രീരാമന്റെ നാമം വീണ്ടും വീണ്ടും ജപിക്കുക.

*മന്ത്രധാരണ* : മനസ്സിനെകേവലം മന്ത്രത്തിൽ മാത്രം കെട്ടിയിടുന്നതിന്, മന്ത്രധാരണ എന്നുപറയുന്നു.

*ജപം* : രാമനാമത്തിന്റെ അർത്ഥം മനസ്സിലാക്കി വീണ്ടും വീണ്ടും ഉച്ചരിക്കുക.

**യഥാവൃക്ഷ ഭീ ബിജസേ, ജലരജ ഋതു സംയോഗ**
**പാക്കർ, വികസേ ക്യമസേ, ത്യോം മന്ത്രസേ യോഗ 8**

എപ്രകാരം, വിത്ത്, ജലം, മണ്ണ് അനുകൂലമായ കാലാവസ്ഥ മുതലായവയുടെ സംയോഗത്താൽ നിദാനമായി വൃക്ഷം ആകുന്നവോ അതേ പ്രകാരം മന്ത്രജപത്താൽ എപ്പോഴും ആധ്യാത്മിക ഉന്നതി ഉണ്ടായിക്കൊണ്ടിരിക്കുന്ന്. മന്ത്രയോഗത്താൽ മന്ത്രസാധനയാൽ ഭഗവാനോടു ഒന്നിക്കുന്ന്. ധാരണം, ശ്രദ്ധ, സമാധി ഈ മൂന്നിന്റെയും മന്ത്രത്താൽ യോഗമന്ത്രയോഗം എന്നുപറയപ്പെടുന്നു. മന്ത്രയോഗത്തിന്റെ വിധി യെന്നാൽ നാമത്തെ ജപിച്ച് അതിന്റെ അർത്ഥ ത്തിൽ ലീനമാവുക എന്നാണ്.

**യഥാശക്തി പരമാണമേ, വിദ്യുത്കോഷസമാന**
**ഹേമന്ത്രത്യോം ശക്തിമയ, ഐസാരവിയേ ധ്യാൻ 9**

എപ്രകാരം പരമാണു ശക്തിയുടെ ഭണ്ഡാരമാണോ, വിദ്യുച്ഛക്തിഗ്രഹം വിദ്യുച്ഛക്തിയുടെ കേന്ദ്രമാണോ അതേപ്രകാരം മന്ത്രവും ശക്തികേന്ദ്രമാണ്, എന്ന ശ്രദ്ധയും ദൃഢ വിശ്വാസവും ഉണ്ടായിരിക്കണം. ഈ മന്ത്രത്തിനു പാപദോഷങ്ങളെ നിർമ്മലമാക്കുവാനും നല്ല വിചാരങ്ങളെ പ്രജ്വലിപ്പിക്കുവാനുമുള്ള ശക്തിയുണ്ട്.

**ധ്രുവധാരണാ ധാർ യഹ, രാധിയേ മന്ത്ര നിധാൻ**
**ഹരികൃപാ അവതരണ്കാ, പൂർണ്ണരവിയേ ജ്ഞാൻ 10**

ഇങ്ങിനെയുള്ള ദൃഢവിശ്വാസത്താൽ മന്ത്ര നിധി, രാമമന്ത്രത്തിനെ ആരാധിച്ച് പൂർണ ബോധ ത്തോടെ ആരാധിച്ചാൽ ഹരികൃപ ഉണ്ടാവുകയും നമ്മിലേക്ക് ഇറങ്ങുകയും ചെയ്യും.

*ധ്രുവധാരണ* : മനസിനെ മന്ത്രത്തിൽ അവിചലിത ഭാവത്തിൽ ബന്ധിക്കുക.

*മന്ത്രനിധാന* : മന്ത്രങ്ങളുടെ ഭണ്ഡാരം - ബിജാക്ഷര ശബ്ദം

**ആതാവിധക്കി ദ്വാരസേ, പവനതേജ കാപൂര**
**ഹേ കൃപാ ത്യോം, ആരഹി, കറതി, ദുർഗുണ ദൂർ 11**

എപ്രകാരം ജനൽ അഥവാ വാതിൽ തുറക്കുമ്പോൾ ദുർഗന്ധം വരുന്നവോ, വായുവും പ്രകാശവും പ്രവേശിക്കുന്നവോ, അതേപ്രകാരം രാമകൃപ ലഭിക്കുമ്പോൾ ദുർഗുണം പോയി സത്ഗുണം നിറയുന്നു.

**ബട്ടൻ ദബാനേസേ യഥാ ആതി ബിജലി ദ്വാർ**
**നാമ ജാപപേഭാവസേ, ത്യോം കൃപാ അവതാർ** 12

സ്വിച്ച് ഓൺ ചെയ്യുമ്പോൾ എപ്രകാരം വിദ്യുച്ഛക്തി പ്രവഹിക്കുന്നുവോ, അതേ പ്രകാരം നാമം ജപിക്കുമ്പോൾ കൃപയുടെ പ്രവാഹം ഉണ്ടാവുന്നു.

**ഖോൽതേഹി ജൽ ജ്യോം, ബഹതാവാരി ബഹാവ**
**ജപസേ കൃപാ അവതരിത ഹോ, തഥാ സജഗ കർ ഭാവ** 13

പൈപ്പ് തുറക്കുമ്പോൾ എപ്രകാരം വെള്ളം വരുവാൻ തുടങ്ങുന്നവോ, അതേ പ്രകാരം ജപത്താൽ കൃപ ഉണ്ടാവുകയും നമ്മുടെ ഭാവന സജീവമാക്കുകയും നമ്മുടെ വിശ്വാസം ജീവന്തമാവുകയും ചെയ്യുന്ന്.

**നാമ ശബ്ദ കോ ധ്യാനിയേ, മന്ത്രതാരക മാൻ**
**സ്വശക്തി സന്താ ജഗകരേ, ഉപരിചക്രകോ യാൽ** 14

മന്ത്രത്തെ ഉദ്ധാരകമായും നിസൂരകമായും മുക്തിദാതാവായും സ്വീകരിച്ച്ു രാമശബ്ദത്തിൽ ധ്യാനിക്കുക. ഇതുകൊണ്ട് അത്മശക്തിയും തന്നിൽ ധ്യാനിക്കുക. ഇതുകൊണ്ടു ആത്മശ ക്തിയും തന്നിൽ ഭാവം സ്ഥിരമാവുകയും ഈശക്തിയുടെ ഉപരിചക്രത്തിന്റെ ഗമനവും ഉണ്ടാക്കുന്നു.

*ചക്ര* : യോഗപ്രകാരം ശരീരത്തിൽ 8 ചക്ര മുലാധാരം സ്വാദിഷ്ഠാൻ, മണിപൂർ, അതാവിത വിശുദ്ധ, ആജ്ഞ, ബീന്ദു, തല.

*ഉപരിചക്ര* : ആജ്ഞ, ബിന്ദു, തല

**ദശമദ്വാർസേ ഹോതദി രാമകൃപാ അവതാർ**
**ജ്ഞാനശക്തി ആനന്ദ സഹ, സാമശക്തി സംചാർ 15**

പത്താമത്തെ ദ്വാരത്തിൽ നിന്ന് രാമകൃപ പ്രവേശിക്കുന്നു. അതിനാൽ ആത്മബോധം പ്രബുദ്ധത, ബലം, ആനന്ദപൂരിത മായമനസ്സിന്റെ സ്ഥിരത ശാന്തമാക്കുന്നു എല്ലാശക്തി കളുടെയും വിസ്തൃത സഞ്ചാരം ഉണ്ടാകുന്നു.

*ദസമദ്വാരം* : മനുഷ്യശരീരത്തെ 9 വാതിലുകളുള്ള നഗരി എന്നു പറയപ്പെടുന്നു. രണ്ടു ദ്വാരം, കണ്ണുകളുടെയും, രണ്ടു ചെവികളുടേയും, രണ്ടു

മൂക്കിന്റെയും, ഒന്ന് മുഖത്തിന്റെയും, രണ്ടു മലമൂത്ര വിസർജ്ജനത്തിന്റെയും ആകുന്നു. പത്താമത്തെ ദ്വാരം അദൃശ്യമാണു. 9 ദ്വാരങ്ങളെക്കാളും മേലിലാണ്.

**ദേവദയ സ്വശക്തികാ, സഹസ്രകമൽമേ മിലാപ്**
**ഹോസൽപുരുഷ സംയോഗസേ, സർവനഷ്ടഹോപാപ 16**

സൽപുരുഷന്റെ സാന്നി ധ്യത്താലും പരമാത്മാവിന്റെ ദയയാലും കുണ്ഡലി ത്രിശക്തിയുടെ ആയിരം ദളങ്ങളുള്ള താമര-തല-ബ്രഹ്മാവിന്റെ ഭവനത്തിൽ ചേരുന്നതുകൊണ്ടു എല്ലാ പാപവും നഷ്ടമാകുന്നു.

ദൈവത്തിന്റെ ദയയാൽ സ്വശക്തിയുടെ ആയിരം ദളങ്ങളുള്ള താമര - പതിനായിരം ദളങ്ങളുള്ള താമരയിൽ ലയിക്കുന്നു. ഈ ലയനത്തിന് സൽപൂരുഷന്റെ സഹയോഗത്തിന്റെ ആവശ്യമുണ്ട്. അപ്പോൾ ജീവന്റെ പാപം നഷ്ടമാ ക്കുന്നു. പരമ കല്യാണം ലഭിക്കുവാനായി പരമാ ത്മാവിന്റെ ദയയും, ആത്മശക്തിയും, സംയമവും അത്യാവശ്യമാണ്. ഇതിൽ ദേവ ദയ, സ്വശക്തി സൽ പുരുഷ സംയോഗം ശബ്ദങ്ങളാൽ വർണ്ണിച്ചിരുക്കുന്നു.

## നമസ്കാര സപ്തക

### നമസ്കാരത്തിന്റെ ഏഴു ശ്ലോകം (പദം)

**കർതാഹും മൈ വന്ദനാ, നതസിർ ബാരംബാർ**
**തുഛേ ദേവ പരമാത്മൻ, മംഗള ശിവശുഭകാർ 1**

മംഗളവും കല്യാണവും, ശുഭവും പ്രദാനം നൽകുന്ന പരമാത്മാദേവാ, താങ്കൾക്ക് ഞാൻ തലകുനിച്ചു വിണ്ടും വിണ്ടും പ്രണാമം ചെയ്യുന്നു.

*വന്ദനാ* : നമസ്കാരം

*മംഗളം* : കല്യാണകാരി, സമൃദ്ധി - പടിപടിയായി ഉയർച്ചണ്ടാവുകയും.

*ശിവ* : സൗഭാഗ്യം ശാന്തത

*ശുഭ* : നല്ലശകുനം, സ്വസ്ഥത

**അഞ്ജലിപർ മസ്തക കിയേ, വിനയഭക്തികേ സാത്ത്**
**നമസ്കാർ മേരാതുഛേ, ഹോവേ ജഗ്കോ നാഥ 2**

കൂപ്പിയ രണ്ടു കൈകളോടും, തലകുനിച്ചു വിനയത്തോടും ഭക്തിപൂർവ്വകമായും ഹേ വിശ്വാസ്വാമിതാങ്കൾക്ക് എന്റെ നമസ്കാരം.

**ദോനോം കരകോജോഡ്കർ, മസ്തക് ഘുടനേടേക്**
**തുഛകോ പ്രണാമം മമ, ശതശത കോടി അനേക 3**

രണ്ടു കൈകളും കൂപ്പി തലയും മുട്ടുകളും ഭൂമിയിൽ വച്ചു താങ്കൾക്ക് എന്റെ അനേക സഹസ്രകോടി തവണ നമസ്കാരം ചെയ്യുന്നു.

**പാപഹരണ, മംഗളകരണ ചരണശരണ കാ ധ്യാൻ**
**ധാർ കരും പ്രണാമംമൈ, തുഝകോ ശക്തിതിധാൻ** 4

പാപനാശകനും ശുഭാശ്രയം നൽകുന്നവനുമായ താങ്കളുടെ പാദങ്ങളുടെ ഉൾഭാഗം ധ്യാനിച്ചുകോണ്ട് ശക്തികളുടെ അത്യന്നതനേ താങ്കൾക്ക് ഞാൻ പ്രണാമം ചെയ്യുന്നു.

**ഭക്തിഭാവ ശുഭബാവനാ, മൻമേ ഭർ പൂർ**
**ശ്രദ്ധാസേ തുഝകോ നമും മേരേ രാമ ഹജ്ജൂർ** 5

തന്റെ മനസ്സിനെ ഭക്തി പൂർണ്ണവും സത്ഭാവ നയാലും പൂരിതമാക്കിയ ഹേ എന്റെ രാമപ്രഭു, താങ്കൾക്ക് ശ്രദ്ധയോടുകൂടി നമസ്കാരം ചെയ്യുന്നു.

**ജ്യോതിർമയ ജഗദീശഹേ, തേജോമയ അപാര**
**പരമപുരുഷ പാവനപരമ, തുഝകോ ഹേനമസ്കാർ** 6

ഹേ പ്രകാശ സ്വരൂപമായ അപാര തേജസ്സി പ്രപഞ്ചത്തിന്റെ സ്വാമി, എല്ലാവരെയും പവിത്രനാക്കുന്നവനേ, സർവോത്തമ പരമാത്മാഹേ താങ്കൾക്ക് നമസ്കാരം.

**സത്യജ്ഞാന ആനന്ദകേ, പരമധാമ ശ്രീരാമ**
**പുളകിതഹോ മേരാ തുഝേ, ഹോവേബഹു പ്രണാമം** 7

ഹേ, സത്യത്തിന്റെയും, ജ്ഞാനത്തിന്റെയും ആനന്ദത്തിന്റെയ്യും സർവ്വശ്രേഷ്ഠമന്ദിരമായ ശ്രീരാമ ഗദ്ഗദ് രോമാഞ്ചിതമായി താങ്കൾക്ക് എന്റെ അനേക പ്രണാമം ഇവിടെ രാമന്റെ സത്യം ജ്ഞാനം ആനന്ദത്തിന്റെ ശ്രേഷ്ഠഭവനം, അതായത് അനന്ത ബ്രഹ്മസ്വരൂപം എന്നു പറയപ്പെടുന്നു.

## പ്രഭാതവായന

**പരമാത്മ ശ്രീരാമ പരമസത്യ - പ്രകാശരൂപം**
**പരമ ജ്ഞാനാനന്ദ സ്വരൂപ, സർവ്വശക്തിമാൻ**
**എകൈവാ ദ്വതിയ പരമേശ്വർ, പരമപുരുഷ**
**ദയാലുദേവാധിദേവ ഹേ, ഉസ്ക്കോ ബാർബാർ**
**നമസ്ക്കാർ. നമസ്ക്കാർ, നമസ്ക്കാർ, നമസ്ക്കാർ.**

സർവ്വോത്തമ, മഹാനതമ, ആത്മാ ശ്രീരാം, പരമസത്യ, അപരിവർത്തനശീൽ തത്വതേ ജോമയ, സർവ്വോച്ചജ്ഞാന, സർവ്വാധിക ആനന്ദ ത്തിന്റെ സ്വഭാവമുള്ള, എല്ലാ ശക്തികളോടും കൂടിയ രാമനു സമമായി വേറൊരാളില്ല. എല്ലാവരുടെയും ശാസകന്നും, സ്വാമിയും, പുരുഷോത്ത മനും, ദയാലുവും, എല്ലാ ദേവന്മാരിലും വനുമായ ദേവന് വിണ്ടും വിണ്ടും നമസ്ക്കാരം നമസ്ക്കാരം, നമസ്ക്കാരം, നമസ്ക്കാരം.

## അമൃതവാണി

**രാമാമൃത പദപാവന വാണി**
**രാമനാമ ധ്യാൻ സുധാസമാനി**
**പാവന-പാഠം രാമ ഗുണ-ഗ്രാമം**
**രാമ രാമ ജപ രാമ ഹിരാമ 1**

രാമശബ്ദം മരണമില്ലാത്തതാണ്. പവിത്ര മാക്കുന്ന വാണിയാണ്. രാമ നാമം അമൃതം പോലെയാണ്. രാമന്റെഗുണങ്ങൾ പവിത്രപാഠം ആണ്. നമ്മെ പവിത്രമാക്കുന്നവനാണ്. അതു കൊണ്ട് രാമ രാമ രാമനേ രാമ എന്നശബ്ദം വിണ്ടും വിണ്ടും ഉച്ചരിക്കുക.

**പരമസത്യ പരമ വിജ്ഞാന**
**ജ്യോതി സ്വരുപ രാമ ഭഗവാൻ**
**പരമാനന്ദ, സർവ്വ ശക്തിമാൻ**
**രാമ പരമ ഹെ രാമ മഹാൻ 2**

രാമപരമ സത്യമാക്കുന്നു, സർവ്വോന്നത അനുഭവജ്ഞാനമാണ്. രാമൻ ഭഗവാന്റെ പ്രകാശ രൂപം ആണ്. എല്ലാത്തിലും ശ്രേഷ്ഠമായ ആനന്ദമാണ്. എല്ലാ പ്രകാരത്തിലും ശക്തി കളാൽ സമ്പന്നമാണ്. രാമൻ മഹാനും, സർവ്വോത്തമനും ആണ്.

**അമൃതവാണി നാമ ഉച്ചാരണ**
**രാമരാമ സുഖസിദ്ധി കാരണ**

**അമൃതവാണി അമൃത ശ്രീരാമ**
**രാമരാമ മൃദു മംഗള-ധാമ** 3

രാമനാമം ഉച്ചരിക്കുന്നത് അമൃതശബ്ദത്തെ വിളിക്കുന്നതാണ്, രാമനാമം സുഖസാഫല്യം പ്രദാനം ചെയ്യുന്നവയാണ്. നാമം അമൃതവും അമൃതം വാണിയുമാണ്. ആനന്ദവും അപാര ഹർഷത്തേയും പ്രദാനം ചെയ്യുന്നവയാണ്.

**അമൃതരൂപ രാമഗുണഗാന**
**അമൃത കഥന രാമ വ്യഖ്യാൻ**
**അമൃതവചന രാമ കിചർച്ചാ**
**സുധാസമ ഗീത രാമകി അർച്ചാ.** 4

രാമന്റെ ഗുണങ്ങളുടെ ഗാനമാക്കുന്ന സ്തുതി അമൃതം പോലെയാണ്. രാമന്റെ കഥ അമൃത മാണ്. രാമന്റെ ചർച്ചയിൽ വാണിയും അമൃതവും അദ്ദേഹത്തിന്റെ പൂജ അമൃതത്തേപോലെയുള്ള ഗീതവുമാണ്.

**അമൃത മനൻ രാമ കാജാപ**
**രാമ രാമ പ്രഭു രാമ അനാപ**
**അമൃത ചിന്തൻ രാമ കാധ്യാൻ**
**രാമശബ്ദമേ ശുചി സമാധാൻ**

രാമന്റെ ജപം മനസിന്റെ വിചാരമാകുന്ന അമൃതമാണ്. രാമരാമ പ്രഭുരാമ അമൃതചർച്ചയാണ്.

രാമനെ ധ്യാനിക്കുക മനസ്സിനാൽ ചെയ്യുന്ന അമൃത ചിന്തനമാണ് എന്നുപറഞ്ഞാൽ രാമശബ്ദത്തിൽ ജപം, ധാരണ, ധ്യാനം ഇവകളുടെ ഉത്തരം അടങ്ങിയിട്ടുണ്ട്. ഈ എല്ലാ അഭ്യാസങ്ങൾക്കും രാമശബ്ദം ഉപയുക്തമാണ്.

മനനം, ജപം, ആലാപം, ചിന്തനം, ധ്യാനം, സമാധാനം ഇവയെല്ലാം രാമനാമത്തോടു ചേർന്നു അമൃതമാക്കുന്ന. ജപം ശബ്ദത്താൽ ആണെങ്കിൽ മനനം അർത്ഥം കൊണ്ടാണ്. ആലാപം സ്വരത്തിന്റെയും ചിന്തനം തത്വത്തിന്റേ തുമാണ്. ധ്യാനം സ്വരൂപത്തിന്റെയും സമാധാനം, ലക്ഷ്യം, ജ്ഞാനം, നല്ലചിന്ത ഇവകളിലും ലയിക്കുന്നു.

**അമൃത രസനാ വഹികഹാവേ**
**രാമരാമ ജഹാം നാമ സുഹാവേ**
**അമൃതകർമ്മ നാമ കമായി**
**രാമ രാമ പരമ സുഖദായി** 6

നാവിൽ രാമശബ്ദം ശോഭിക്കുന്നു. വില സിക്കുന്നു അതാണ്. അമൃത തുല്യം മധുരം ആണ്. രാമനാമത്തിന്റെ സംപൂർണ്ണത സുകൃതരൂപി സൽക്കർമ്മമാണ്. രാമനാമം അവി നാശിയും അത്യധികം സുഖം നൽകുന്നതുമാണ്.

**അമൃതരാമനാമ ജോഹി ധ്യാവേ**
**അമൃത പദസോഹി ജനഹാവേ**
**രാമനാമ അമൃതരസ സാർ**
**ദേതാ പരമ ആനന്ദ അപാർ 7**

ഏതു ജനം അമൃതമയമാകുന്നുവോ മധുര രാമനാമം ധ്യാനിക്കുന്നുവോ, ആജനം മോക്ഷം പ്രാപിക്കുന്നു. ഏന്നുവച്ചാൽ അവിടെ നിന്നുംവീണ്ടും ഭ്രമിയിലേയ്ക്കു തിരിച്ചു വരേണ്ടി വരില്ല, സ്വർഗ്ഗത്തെ പ്രാപിക്കുന്നു. പരമാത്മരസ സ്വരൂപമാണ്, അവിനാശിയാണ് അമൃതമാണ്. ആ അമൃത രസത്തിന്റെ സാരം രാമനാമമാണു, അസീമമായ സർവ്വോത്തമാനന്ദം പ്രദാനം നത്കുന്ന്.

***അമൃതപദം*** : എന്നാൽ ആത്മസ്വയം ആയി ആര് അമരനാവുന്നുവോ അവർ മറ്റുള്ളവരെയും അമരനാക്കു ന്നതിന് ശ്രമിക്കുന്നു.

**രാമരാമ ജപ ഹേ മനാ**
**അമൃത വാണി മാൻ**
**രാമനാമമെ രാമകോ**
**സദാവിരാജിത ജാൻ 8**

ഹേ, മനസ്സേ, രാമനാമത്തിന്റു അമരത്വം പ്രദാനം ചെയ്യുന്ന ശബ്ദത്തെ മാനിച്ച് അതിനെ വീണ്ടും

വീണ്ടും ഉച്ചരിച്ച്, ജപിച്ച് ഈ നാമത്തിൽ പരബ്രഹ്മ പരമാത്മാ ശ്രീ രാമനെ എപ്പോഴും പ്രശോഭിപ്പിക്കുക.

**രാമനാമമൃദ മംഗളകാരി**
**വിഘ്നഹരേ, സബ് പാതകഹാരി**
**രാമനാമ സുഭശക്യൻ മഹാൻ**
**സ്വാസ്തി ശാന്തി ശിവകര കല്യാൺ** 9

രാമനാമം ആനന്ദിതവും മംഗളകാരിയുമാണ്. തടസ്സങ്ങളെ ദൂരെയകറ്റുന്നവന്റും, പാപനാശ കാരിയുമാണ്. രാമൻ ശുഭവും, മഹാൻല ക്ഷണമുള്ള നുമാണ്. ശാന്തിയും, മാംഗളവും, കല്യാണവും പ്രസന്നതയും നൽകുന്നവന്റുമാണ്.

**രാമരാമ ശ്രീ രാമ വിചാർ**
**മാനിയേ ഉത്തമ മംഗളാചാർ**
**രാമരാമ മനമുഖസേ ഗാനാ**
**മാനോ മധുർ മനോരഥ പാനാ** 10

രാമന്റെ ചിന്ത ഉണ്ടാവുന്നതു സർവ്വോ ത്തമവും ശുഭാരംഭവും ആയിസ്വീകരിച്ചാലും, മുഖവും മനസ്സും കൊണ്ട് രാമനാദം പാടുന്ന തുകൊണ്ട് നമ്മുടെ മനസ്സിന്റെ ആശകൾ പൂർത്തീ കരിക്കുന്നു.

(മധുര മനോരഥം = ഈ ശ്വരദർശനം)

**രാമ നാമ ജോ ജന മനലാവേ**
**ഉസ്മേ ശുഭസഭി ബസ്ജാവേ**
**ജഹാം ഹോ രാമനാമ ധുന-നാദ**
**ഭാഗേ വഹാംസേ വിഷമ വിഷാദ** 11

ഏതു മനുഷ്യനോ, അവന്റെ മനസ്സിൽ രാമനാമത്തെ സ്ഥാപിക്കുന്നുവോ, അവനിൽ എല്ലാരീതിയിലുമുള്ള ധന്യതവസിക്കുന്നു. അവനു സൗഭാഗ്യവും, സുഖവും, സമൃദ്ധിയും, എന്നവച്ചാൽ എല്ലാ രീതിയിലുംമുള്ള ആശീർവാ ദവും ലഭിക്കുന്നു. എവിടെ രാമനാമം പ്രതിധ്വ നിക്കുന്നവോ അവിടെ നിന്ന് ദുഖം വേദനി പ്പിക്കുന്നുശോകം, സങ്കടം ദൂരെ പോവുന്നു. വിഷമവിഷാദം - സത്വഗുണത്തിൽ നിന്ന് സുഖവും. രജോഗുണത്തിൽ നിന്നും ദുഖവും തമോഗുണത്തിൽ നിന്നും വിഷാദം ആലസ്യം തെറ്റിന്റെ ഉത്ഭവവും ഉണ്ടാവുന്ന്. വിഷാദം എന്നാൽ അപ്രകാരമുള്ള ദുഃഖമാണ് അവയി ൽനിന്നും രക്ഷപെടാൻവേറെ മാർഗ്ഗമൊന്നുമില്ല. വിഷമം അസഹനീയമാവുമ്പോൾ രക്ഷപെടാൻ ഒരു ഉപായവുമില്ല.

**രാമനാമ മനസപ്ത ബുഛരാവേ**
**സുധാരസ സീച ശാന്തി ലേ ആവേ**
**രാമ രാമ ജപിയേ കർ ഭാവ**
**സുവിധാ സുവിധാ ബനേ ബനാവ** 12

രാമനാമം മനസ്സിന്റെ ദുഃഖം ദൂരെയകറ്റി അതിനെ അമൃത തത്വം കൊണ്ടു നനച്ച്. ശാന്തി കൊണ്ടുവരുന്നു. എന്തുകൊണ്ടെന്നാൽ ഭാവപ്രേ മത്താൽ പ്രേമപൂർവക രാമനാമം ജപിച്ചാലും, ഇതിൽനിന്നും എല്ലാ രീതിയിലും നല്ല ആനുകൂല്യ ങ്ങളുണ്ടാവും, വിശ്രമവും സുഖശാന്തിയുടെ നിർമ്മാണവും ഉണ്ടാകുന്നു.

രാമനാമ സിമരോ സദാ
അതിശയ മംഗള മൂൽ
വിഷമ വികട സങ്കട ഹരണ
കാരക സബ്ബ് അനുകൂൽ 13

ഹേ ജ്ഞാനി, എപ്പോഴും രാമനാമത്തെ സ്നേഹപൂർവംജപിക്കുക. അത്യധികം മംഗള കരമായ ആനന്ദത്തെ ഓർമ്മിക്കുക, മംഗളത്തിന്റെ പ്രവാഹനിയും പീഡകളും അസഹനീയവും ഭയങ്കര ദുഃഖ ആപത്തുകളും ദൂരെ അകറ്റുകയും എന്തെന്നാൽ എല്ലാത്തരത്തിലും പ്രതിബന്ധങ്ങളെ അനുകൂല മാക്കുന്നവനുമാണ്. എല്ലാ രീതിയിലും രുചികരവും, ലാഭകരവും സുഖകരവുംമാണ്.

വിഷമ വികട സങ്കടം - എല്ലാ വശങ്ങളിൽ നിന്നും ഒരേസമയം അസഹനീയവും ഭയാനകവു മായ കഷ്ടങ്ങൾ വന്നുചേരുന്നു.

**ജപനാ രാമ - രാം ഹേ സുകൃത**
**രാമനാമഹൈ നാശക ദുഷ്കൃത**
**സിമരെ രാമരാമ ഹിജോ ജൻ**
**ജസ്കാഹോ രുചിതർ തൻ - മൻ**

രാമനാമത്തെ ജപിക്കുന്നതു സത്കർമ്മവും പുണ്യകർമ്മവും ആകുന്ന്. ആരെങ്കിലും രാമനാമത്തെ ഭാവപൂർവകമായി ജപിച്ചാൽ അവരുടെ മനസ്സും ശരീരവും ശുദ്ധമാകുന്ന്.

**ജിസ്മേ രാമനാമ സുഭജാഗേ**
**ഉസ്കേ പാപതാപ സബ്ഭാഗേ**
**മൻസേ രാമനാമ ജോ ഉച്ചാരേ**
**ഉസ്കേ ഭാഗേ ഭ്രമ ഭയ സാരേ** 15

ആരിൽ രാമനാമരൂപിശുഭം ഉണരുന്നവോ, അവന്റെ പാപവും ദുഃഖവും ദൂരെപോകുന്നു. ആരു രാമനാമത്തെ മനസാൽ - എന്ന്വച്ചാൽ മനസിൽ ശ്രദ്ധവച്ചു ഉച്ചരിച്ചാൽ അവന്റെ സംശയവും ഭയവും ദൂരെപോകുന്നു.

*താപം* : മൂന്നുരീതിയിലുള്ള ദുഃഖം

1) ആദ്ധ്യാത്മിക (ശാരീരികവും മാനസികവും) ജ്വരം, കാമം, ക്രോധം ചിന്ത, ശോകം മുതലായവ.
2) ആധിഭൌതിക വേറെജീവികളുടെകാരണം ദുഃഖം ഉദാഹരണമായി കള്ളൻ മൂലം, പാമ്പ്, തേൾമൂലം.

3) ആധിദൈവിക : ദേവികാരങ്ങളാൽ ദുഃഖം, ഭൂകമ്പം, വെള്ളപ്പൊക്കം, വരൾച്ചമുതലായവ.

*ഭയം* : അനിഷ്ടമുണ്ടാക്കുന്ന ഭയം ഉദാഹരണമായി മനുഷ്യൻ, ധനം, അപമാനം, രോഗവും മരണവും മൂലമുള്ള ഭയം.

**ജിസ്മേ ബസ് ജായ രാമസുനാമ**
**ഹോവേ വഹ് ജനപൂർണ്ണ കാമം**
**ചിത്ത്മേ രാമരാമജോസിമരേ**
**തശ്വയ ധവന്ധഗർസേ തരേ 16**

ആരിൽ രാമന്റെ സുന്ദരവും, മധുരവും സമൃദ്ധവുമായ അസ്തിത്വം ഉണ്ടോ അവന്റെ എല്ലാ ആവശ്യങ്ങളും പൂർത്തീകരിക്കുന്നു. ആര് മനസ്സിൽ രാമരാമ നാമം സ്മരിക്കുന്നവോ അവൻ സംസാരരൂപി സാഗരത്തിൽ നിന്നും നിസ്സംദേഹം, തീർച്ചയായും മുക്തിപ്രാപിക്കുന്നു.

**രാമ സിമരൻ ഹോവേ, സഹായി**
**രാമ സിമരൻ ഹേ, സുഖദായി**
**രാമ സിമരൻ സബ്സേ ഊംചാ**
**രാമശക്തിസുഖജ്ഞാന സമൂചാ 17**

രാമജപം സഹായകരമാണ്. എല്ലാ ആവശ്യങ്ങളും പൂർത്തീകരിച്ചും സുഖം നൽകു ന്നവനാണ്. സിമിരൻ എന്നാൽ സർവ്വോച്ചരവും എല്ലാകർമ്മങ്ങളിൽ നിന്നും

ശ്രേഷ്ഠകർമ്മവും ആണ്. എന്തുകൊണ്ടന്നാൽ രാമപ്രഭു ബലം സാമ ർത്ഥ്യം, എല്ലാശക്തിയുടേയും സർവസുഖവും, പൂർണ്ണജ്ഞാന പ്രകാശത്തിന്റെ സർവോന്നതിയു മാണ്.

***സിമിരൻ*** : ഭാവനയോടു കൂടിയുള്ള ഭഗവത് നാമത്തിന്റെ ഉച്ചാരണം.

**രാമരാമ ഹി സിമർമൻ**
**രാമരാമ ശ്രീരാമ**
**രാമരാമ ശ്രീരാമ ഭജ**
**രാമരാമ ഹരിനാമ** **18**

ഹേ മനമേ, രാമരാമനെ ഭാവനയോടു കൂടി ഉച്ചാരണം ചെയ്യുക. രാമനാമം പരമേശ്വർ രാമനാണ്. രാമരാമ പ്രഭുരാമന്റെ നാമത്തെ ആസ്വദിച്ച് രാമരാമ ഹരിയുടെനാമം ജപിക്കുക.

***ഹരി*** : പാപത്തെ നശിപ്പുക്കുന്ന പരമാത്മാവു.

***ഭജനം*** : എപ്രകാരം പശുമേഞ്ഞിട്ടു അയവിറക്കി രസം എടുക്കുന്നവോ, അപ്രകാരം പ്രഭുരാമന്റെ സ്മരണ വീണ്ടും വിണ്ടും മനസ്സിൽ കൊണ്ടുവന്നു. രസ്വാസ്വാദനം ചെയ്യുന്നതിനെ ഭജനം എന്നുപറയപ്പെടുന്നു.

**മാതാപിതാ ബാന്ദവസുതദാരാ**
**ധൻ ജൻ സാജൻ സഖാ പ്യാരാ**
**അന്തകാർദേ സകേ ന സഹാരാ**
**രാമനാമ തേരാ താരൻ ഹാരാ** **19**

മാതാപിതാക്കളോ, സഹോദരനോ, മകനോ, ഭാര്യയോ, ധനമോ, സംബന്ധികളോ, ഭർത്തവോ, പ്രിയതമനോ, പ്രിയതമയോ, സ്റ്റേഹിതനോ, മരണസമയത്ത്ു ആരും സഹായിക്കുകയില്ല, കേവലം രാമനാമം മാത്രം താങ്കൾക്ക് സഹായകനും, രക്ഷയും ആകുന്നു.

**സിമരൻ രാമനാമഹേ സംഗി**
**സഖം സനേഹി സുഹൃദ ശുഭ അംഗീ**
**യുഗയുഗ കാഹേ രാമസഹേലാ**
**രാമ ഭക്തി നഹി രഹേ അകേലാ** 20

രാമ നാമത്തെ സ്മരിക്കുന്നതാണ്. നിങ്ങളുടെ സ്റ്റേഹിതനും, മിത്രനും പ്രേമിയും ഹിതകാരിയും ശുഭശാന്തിയും ആക്കുന്നത്. അനാദികാലങ്ങളിൽ നിന്ന്, പ്രത്യേക യുഗങ്ങളിൽ താങ്കളുടെ കുടെവ സിക്കുന്നത്ു. രാമനാണ്, എപ്പോഴും കൂടെ യിരിക്കു ന്നവന്ുമാണ്.

അതുകൊണ്ട് രാമഭക്തൻ ഒരിക്കലും ഏകാകിയല്ല. പ്രഭുരാമൻ എപ്പോഴും തന്റെ ഭക്തന്റെ കുടെയാണ്ു.

**നിർജ്ജൻ - വനവിപദ് ഹോ ഘോർ**
**തിബിട നിശാതമാസബ്് ഓർ**
**ജോത ജബ് രാമനാമ കീജാഗേ**
**സങ്കടസർവ്വ സഹജ സേ ഭാഗേ** 21

ജന വാസമില്ലാത്ത കാടാകട്ടെ ഭയങ്കരമായ ആപൽസങ്കടം ആകട്ടെ. അന്ധകാരപൂർണ്ണമായി രാത്രി ആകട്ടെ എല്ലായിടത്തും അന്ധ കാരം ആകട്ടെ അവിടെ എപ്രകാരം രാമനാ മത്തിന്റെ പ്രകാശം ശോഭിക്കുന്നവോ അപ്രകാരം തന്നെ വളരെ എളുപ്പമായി എല്ലാ ദുഃഖം, ദുഃർഭാഗ്യം ദുർദിനം ദൂരെ ഓടി പോകുന്നു.

**ബാധാ ബഢി വിഷമ ജബ് ആവേ**
**വൈര വിരോധ വിഘ്ന ബം ജാവേ**
**രാനാമ ജപിയേ, സുഖദാതാ**
**സച്ചാസാഥിജോ ഹിതകര ത്രാതം.** 22

എപ്പോൾ ക്ലേശ പൂരിതമായ തടസ്സങ്ങൾ ഉണ്ടാവുന്നുവോ, എപ്പോൾ ശത്രുത പ്രതികൂ ലങ്ങളും, കഷ്ടങ്ങളും വർദ്ധിക്കുന്നുവോ, അപ്പോ ളെല്ലാം രാമനാമം നല്ലസ്നേഹിതനാണ്. എപ്പോഴും സത്ഹിതം പ്രവർത്തിക്കുന്ന രക്ഷകനാണ്, സുഖദാതാവാണ്, അവരുടെ നാമം ജപിക്കുക.

**നമ ജബ് ധൈര്യ കോ നഹി പാവേ**
**കുചിന്ത ചിത്ത കോ ചൂർ ബനാവേ,**
**രാമനാമ ജപേ ചിന്താപൂരക**
**ചിന്താമണി ചിത്ത ചിന്തൻ പൂരക.** 23

എപ്പോൾ മനസ്സിലെ ധൈര്യവും ദൃഢതയും നഷ്ടമാവുമോ എന്ന്വച്ചാൽ സ്ഥിരത കൈവരി ക്കാൻ കഴിയാതെ വരുമ്പോൾ, ദുഷ്ടചിന്ത മനസ്സിനെ കഷണം കഷണംമാക്കുമ്പോൾ ചിന്തകൾ മനസ്സിനെ മുറ്റുമ്പോൾ മനസ്സിനെ ശുദ്ധീകരിക്കുന്ന രാമനാമം അതായത്, പാപനാശകമായ ചിന്താമണി മനസ്സിൽ ഉയരുന്ന എല്ലാ സങ്കല്പങ്ങളേയും എല്ലാ നഷ്ടങ്ങളെയും പൂർത്തീകരിക്കുന്നതുമായ രാമ നാമം ആവർത്തിച്ചാ വർത്തിച്ച് ജപിച്ചാലും.

***ചിന്താമണി*** : ഒരു സാങ്കല്പക രത്നം-മനസ്സിലെ എല്ലാ ആഗ്രഹങ്ങളും, പൂർത്തീകരിക്കുന്നവൻ.

**ശോകസാഹർ ഹോ ഉമഡാ ആതാ**
**അതിദുഃഖമേ മൻ ഘബരാതാ**
**ഭജീയേ രാമരാമ ബഹു ബാർ**
**ജനകാകർതാ ബേഡാ പാർ** 24

എപ്പോൾ ഉദാസീനതയുടെ സമുദ്രം ഹാഹാ എന്ന മുഴുകുമ്പോൾ, എന്ന്വച്ചാൽ സങ്കട സാഗരത്തിൽ വെള്ളുപ്പൊക്കം വരുമ്പോഴും അതീവ ദുഖത്താൽ മനസ്സ് ഭയപ്പെടുമ്പോഴും, വ്യഥയും ആകുലതയും ഉണ്ടാവുമ്പോൾ, മനുഷ്യന്റെ സങ്കടത്തിൽ വഴികാണിക്കുന്ന രാമനാമം ആവർത്തിച്ചാവർത്തിച്ചു. സ്നേഹ പൂർവം ജപി ച്ചാലും, എന്തുകൊണ്ടന്നാൽ

സങ്കടരൂപി സാഗര ത്തിൽ നിന്നും മാനവന്റെ ജീവന രൂപിയായ നൗകയെ രാമനാമം രക്ഷിക്കുന്നവനാണ്.

**കഡിഘഡി കഠിനതരകാലം**
**കഷ്ടകഠോര ഘോ ക്ലേശ കരാൾ**
**രാമരാമ ജപിയേ പ്രതി പാൽ**
**സുഖദാതാ പ്രഭു ദീനദയാൽ 25**

24 മണിക്കുറും സങ്കട കരവും പ്രയാസങ്ങളാലും നിറഞ്ഞസമയത്തിലും, കഠോരകഷ്ടങ്ങളിലും ഭയാന കമായ വ്യഥക്ലേശങ്ങളിലും മനുഷ്യൻ വലയുമ്പോൾ സംരക്ഷകനും. സുഖദാതാവും, ദീനരിൽ ദയാലുവുമായ പ്രഭുരാമന്റെ നാമത്തെ ജപിച്ചാലും.

*ക്ലേശം* : അഞ്ചുക്ലേശം (1) അവിദ്യ (2) അസ്മിമത (3) രാഗം (4) ദ്വേഷ്യം (5) അഭിനിവേശം

ഇവകളെ അവിദ്യയുടെ 5 ഗ്രന്ഥികളെന്നും, ക്ലേശങ്ങളെന്ന് പറയപ്പെടുന്ന്.

**ഘടനാ ഘോർ ഘടേ ജിസ്ബേർ**
**ദുഃർജ്ജൻ ദുഖടേ ലേവേ. ഘേർ**
**ജപിയേ രാമനാമ ബിൻദേർ**
**രവയേ രാമ-രാമ ശുഭടേർ 26**

ഏതെങ്കിലും ഭയാനകമായ കാര്യം സംഭവി ക്കുമ്പോഴും ചീത്തകൂട്ടു കെട്ടുകളാൽ ദുഃഖത്താൽ

വലയുമ്പോഴും ഒട്ടും താമസിക്കതെ പെട്ടെന്നുതന്നെ രാമനാമം ജപിച്ചാലും, രാമന്റെ സ്നേഹപൂർവവും അനുഗ്രഹശീല വുമായ വിളിയെ ആവർത്തി ച്ചാവർത്തിച്ചു ഓർക്കു കയും ദുഃഖത്താൽ ആനാമത്തെ വിളിച്ചുകൊ ണ്ടിരിക്കുകയും ചെയ്യുക.

**രാമനാമഹോ സദാ സഹായക**
**രാമനാമ സർവ്വ സുഖദായക**
**രാമരാമ പ്രഭു രാമകി ടേക**
**ശരണ ശാന്തി ആശ്രയഹേ ഏക** 27

രാമനാമം നിത്യവും സഹായം ചെയ്യും രാമനാമം സംസ്കൃതി പൂർവം സുഖം നൽകും. പ്രഭു രാമൻ മാത്രമാണ് ഏകമാത്ര ആശ്രയവും സുഖശാന്തിയുടെ സ്ഥാനവും.

**പൂംജി രാമനാമ ക്കി പായിയേ**
**പാഥേയസാത്ത്നാമ ലേജായിയേ**
**നാശേ ജന്മമരണ കാ ഖടകാ**
**രഹേ രാമ ഭക്ത തഹിം അടകാ 28**

അതുകൊണ്ട് രാമനാമത്തിന്റെ സമ്പത്ത് സ്വീകരിച്ചുശേഖരിച്ചു വച്ചാലും, ജീവിതയാത്ര യിലേയ്കു ഉള്ള വഴിചിലവിനായി രാമനാമം സഫ ലമായി എടുത്താലും, അതുകൊണ്ട് ജന്മമരണ ഭയം നഷ്ടമാവും, രാമഭക്തന്റെ യാത്ര നിർവിഘ്നം സഫലമാവും, അതു എങ്ങും തടസമാവുകയില്ല.

**രാമനാമ ശ്രീ രാമ ഹൈ**
**തീൻലോക ക്കാ നാഥ**
**പരമപുരുഷ പാവന പ്രഭു**
**സദാകി സംഗി സാത്ത്** **29**

രാമ രാമ ശ്രീ രാമ മൂന്നുലോകങ്ങളു ടെയും സ്വാമിയാണ് സർവ്വോത്തമ, സർവ്വോഛ, പവിത്രനാക്കുന്ന പുരുഷനാണ്. എപ്പോഴും നമ്മുടെ കൂടെ വസിക്കുന്നവനാണ്.

*മൂന്നുലോകം* : മൃത്യുലോകം (ഭൂമിയിൽ നിന്നും പാതാളംവരെ) അന്തരീക്ഷ (ഭുവർലോക) സ്വർഗ്ഗലോകം (സ്വർഗ്ഗലോകത്തിൽ നിന്നും സത്യലോകം വരെയും)

**യജ്ഞ തപ ധ്യാന യോഗ ഹിത്യാഗ**
**വനകുടി വാസ അതിവൈരാഗ**
**രാമനാമ ബിതാ നീരസ ഫോർ**
**രാമരാമ ജപ തരിയെ ലോക** **30**

യജ്ഞം, തപസ്യ, ധ്യാനം, ത്യാഗം, പ്രഭു പ്രാപ്തിക്കുള്ള എല്ലാ പ്രയത്നം, കാട്ടിൽ കുടിൽ കെട്ടി അതിലുള്ള വാസം, ആഴമായ സന്യാസ ജീവിതം, ഇവകളെല്ലാം രാമനാമ മില്ലാതെ രസഹീനവും, വ്യർത്ഥവുമാണ്. അതുകൊണ്ട് രാമരാമ ജപിച്ചാലും, സംസാരമാകുന്ന സാഗരത്തിനെ അതിജീവിച്ചാലും.

*ജ്ഞാനം* : ഏതൊരു പ്രവൃത്തികൊണ്ടും സ്വഹിതവും പരഹിതവും ഉണ്ടാവുക.

*തപസ്സ്* : അദ്ധ്യാത്മിക ഉന്നതിക്കായി കഷ്ടം സഹിക്കുക സഹിക്കാവുന്ന കഷ്ടം സഹിക്കുന്ന താണ് തപസ്സ്.

*ധ്യാനം* : മനോകാര്യങ്ങളെലൗകികത്തിൽ നിന്നുമാറ്റി നാമജപം ചെയ്യുക.

*ത്യാഗം* : വികാരമോഹങ്ങളിൽ നിന്നുംമോ ചനം പ്രാപിക്കുക.

യജ്ഞം, ദാനം, തപസ്സ് ഇവകൾ ജ്ഞാനികളെ പവിത്രീകരിക്കുന്നതാണ്. ത്യാഗത്തിന് ദാനം എന്നും അർത്ഥം ഉണ്ട്. ദേശം, കാലം, കഥാ പാത്രത്തിൽ അഹങ്കാരം, ഫലത്തിന്റെ ആഗ്രഹം ഇവകൾ ഉപേക്ഷിച്ചു ഉപയോഗവസ്തുക്കളുടെ സമർപ്പണത്തെ ദാനം അഥവാ ത്യാഗം എന്നുപറയപ്പെടുന്നു.

*വൈരാഗ്യം* : ഈലോകം അഥവാ പരലോക സംബന്ധമായ എല്ലാ സുഖഭോഗങ്ങളെയും എന്നന്നേക്കുമായി ഉപേക്ഷിക്കുന്നതിനെ വൈരാഗ്യം എന്നുപറയപ്പെടുന്നു.

**രാമജാപ സബ്ബ് സംയമ സാധന**
**രാമജാപഹെ കർമ്മ ആരാധന**
**രാമജാപ ഹെ പരമ അഭ്യാസ**
**സിമരോ രാമനാമ സുഖരാസ 31**

സംയമം - മനസ്സിന്റെ ഇന്ദ്രിയങ്ങളെ നിയന്ത്രിക്കാനുള്ള എല്ലാ സാധനകളും രാമജപത്തിൽ അടങ്ങിയിട്ടുണ്ടു എന്നുവച്ചാൽ നാമജപം സംയമത്തിനുവേണ്ടിയുള്ള ഒരേ ഒരു അഭ്യാസമാണ്. പരമേശ്വരനെ ആരാധിക്കാനുള്ള എല്ലാ കാര്യങ്ങളും രാമനാമത്തിൽ അടങ്ങിയിട്ടുണ്ട്. രാമജപം അതിശ്രേഷ്ഠമായ സാധനയാൺ. അതുകൊണ്ട് സുഖത്തിന്റെ കേന്ദ്രമായ രാമനാമത്തെ സ്മരിക്കുക.

*സംയമം* : ഒരേലക്ഷ്യത്തിന് ധാരണ, ധ്യാനം, സമാധി മുതലായവ ചെയ്യുന്നത് സംയമത്തിന്റെ സാധനയാണ്.

*അഭ്യാസം* : ജപം, ധ്യാനം മുതലായവ ആവർത്തിച്ചാവർത്തിച്ചു ദിവസവും എപ്പോഴും അഭ്യസിച്ചുകൊണ്ടിരിക്കുക.

*ആരാധന* : പ്രഭുവിന്റെ മഹിമയും അദേഹത്തിന്റെ ഗുണങ്ങളുടെ ഗാനവും.

**രാമജാപ കഹിം ഈംചി കരണി**
**ബാധാ-വിഘ്ന ബഹു ദുഃഖ ഹരണി**
**രാമരാമ മഹാ-മന്ത്രജപനം**
**ഹേ സുവൃത നേമ തപ തപനാ32**

രാമജപം ഒരു അലൗകിക കർമ്മമാണ്. അതിനെ ശ്രേഷ്ഠകർമ്മം എന്ന് പറയപ്പെടുന്നു. ഇതു കഷ്ടങ്ങൾ,

നഷ്ടങ്ങൾ, പ്രയാസങ്ങൾ, ദുഃഖസമൂഹങ്ങളെ ദൂരെയകളറ്റുന്നവയാണ്. മഹാനമന്ത്രം, രാമരാമജപം പുണ്യപ്രതിജ്ഞ യാണ്. നല്ല നിയമവും ശ്രേഷ്ഠതപസ്സുമാണ്. സുവൃതം = രാമനാമത്തെ എല്ലാദേശത്തിലും, എല്ലാ കാലത്തിലും എല്ലാ ആവശ്യത്തിലും ചെയ്തുകൊണ്ടിരിക്കുന്നതിന്, സുവൃതം, എന്ന് പറയപ്പെടുന്നു.

**രാമജപ ഹെ സരള സമാധി**
**ഹരേ സബ് ആധി വ്യാധി ഉപായി**
**ഋദ്ധി-സിദ്ധി ഓർ നവനിധാന**
**ദാതരാമഹെ സബ് സുഖ ഖാൻ** 33

രാമജപം സഹജസമാധിയും ഇവയെല്ലാം ശാരീരിക മാനസികരോഗങ്ങളേയും പരാതി കളേയും ദൈവിസങ്കടങ്ങളെ ദൂരെയകറ്റുന്നവയുമാണ്. ആദ്ധ്യാത്മിക ശക്തികളുടെയും 9 നിധികളുടേയും ദാതാവും സർവ്വസുഖങ്ങളുടേയും സമ്പത്ഖജാനാ ആണ്രാമൻ.

*ഋദ്ധി-സിദ്ധി* : സമൃദ്ധി, സഫലത - അഷ്ടസിദ്ധികൾ

**രാമരാമചിന്തന സുവിചാർ**
**രാമരാമ ജപ നിശ്ചയ യാർ**
**രാമരാമ ശ്രീരാമ-ധ്യാനാ**
**ഹെ പരമ-പദ അമൃതപാനാ** 34

രാമനാമത്തിൽ മനസ്സുറപ്പിക്കുന്നത് സുന്ദര വിചാരമാണ്. എന്നുവച്ചാൽ രാമനിൽ വസിക്കുന്നത്, എല്ലാസമയവും ഭഗവത് വിചാരങ്ങളിൽ സ്പഷ്ടമായ ഉറച്ച സ്ഥിതിയാണ്. അതുകൊണ്ട് ദൃഢ നിശ്ചയ പൂർവകമായി രാമനാമം ജപിക്കുക. രാമരാമ ശ്രീരാമനെ ചിന്തിക്കുക യെന്നാൽ ശ്രേഷ്ഠ കരമായ വാസ അവസ്ഥാരൂപി അമൃതത്തിന്റെ പ്രാപ്തിയാണ്.

*പരമപദ* : ബ്രഹ്മധാമം എവിടെ സൂര്യനും, ചന്ദ്രനും അഗ്നിപ്രകാശവും ഉണ്ടാവുകയില്ലയോ അതു സ്വയം പ്രകാശമാനമാണ്. അതിൽ പോയിട്ടു ജീവൻ വീണ്ടും തിരിച്ചുപോവില്ല. അതു പരമധാ മമാണ്. അവിടെ എപ്പോഴും പരമാനന്ദമാണ്. അവകൾ, ദുഃഖം, ശോകം, ജരാമൃത്യ രഹിതം ആണ്. അതു പരമ പദം ആണ്.

**രാമരാമ ശ്രീരാമ ഹരി**
**സഹജ പരമ ഹേയോഗ**
**രാമരാമ ശ്രീരാമ ജപ**
**ദാതാ അമൃത - സേവന-ഭോഗ 35**

രാമരാമ ശ്രീരാമ പ്രഭുവിൽചേരുന്നതു സർവ്വോത്തമവും സത്യസാധനയുമാണ്. അതു കൊണ്ടു രാമരാമ ശ്രീ രാമന്റെ ജപം ചെയ്യുക. അതു സേവനയ്ക്കു കാരണമായ അമൃതം നല്കുന്നവനാണ്.

**നാമം ചിന്താമണിരത്ന അമോൽ**
**രാമനാമ മഹിമാ അൻമോൽ**
**അതുൽ പ്രഭാവ അതിപ്രതാപ**
**രാമ നാമ കഹാ താരക ജാപ 36**

രാമനാമമാകുന്ന ചിന്താമണി ഇങ്ങിനെ ത്തെരത്നമാണ്. അതിന്റ് വില ഇടാനാകുകയില്ല നല്കാനും കഴിയുകയില്ല എന്ന്വച്ചാൽ അമൂല്യമാണ്. ഇതിന്റെ പ്രഭാവത്തിന്റെ സമാന തയില്ല മാത്രമല്ല ഇതു അതീവ ശക്തി ശാലി യുമാണ്. രാമനാമം നമ്മെ രക്ഷിക്കുന്ന ജപമാണ്. എന്നുവച്ചാൽ ഇതിന്റെ ജപം മുക്തിദാതാവാണ്.

**ബീജ-അക്ഷര മഹാശക്തി-കോഷ്**
**രാമനാമ ജപ ശുഭസന്തോഷ**
**രാമരാമ ശ്രീരാമ രാമ മന്ത്ര**
**തന്ത്രബീജ പരാൽവരയന്ത്ര 37**

രാമനാമത്തിന്റെ മൂല അക്ഷരം മഹാശക്തിയുടെ ഖനിയാണ്. രാമനാമജപവും ശുഭസംന്തോഷം ആണ്. സന്തോഷം നല്കി ധന്യമാക്കുന്നവയാണ്. രാമരാമ ശ്രീരാമ മന്ത്രം താന്ത്രീകവിദ്യയുടെ മൂല്യമാണ്. സർവ്വോൽകൃഷ്ഠ രക്ഷാകവചമാണ്. ഇതിൽ മേലായിവേറൊരു തന്ത്രമന്ത്രമില്ലാ എന്നുവച്ചാൽ രാമ

മന്ത്രം തന്ത്രവും ശ്രേഷ്ഠമായ മന്ത്രവും ആണ്. ഇവ രാമ ദർബാറിൽ നിന്ന് ലഭിക്കുകയില്ല വേറെങ്ങുനിന്നും ലഭിക്കുകയില്ല.

*യന്ത്രം* : താബിജ, സിദ്ധിമന്ത്രങ്ങളാൽ കാര്യ സിദ്ധിയുടെ രീതി, അഷ്ടദളം, താമര മുതലായ വിവിധ ചക്രാ കൃതി.

**ബീജാക്ഷര പദ പത്മ പ്രകാശേ**
**രാമരാമ ജപ ദോഷവിനാശേ**
**കൃണ്ഡലിനിബോദേ സുഷ്മ്നാഖോലേ**
**രാമമന്ത്ര അമൃതരസ ഖോലേ 38**

കമല ചക്രത്തിന്റെ ഉള്ളിലുള്ള മൂലമന്ത്രം നിദാനമായിയുറപ്പിക്കുന്നു. രാമനാമത്തിന്റെ ജപം ദോഷ ദുർഗുണങ്ങളെ നഷ്ടപ്പെടുത്തുന്നു. കുണ്ഡലി നിശക്തിയെ ഉത്ബോധിപ്പിച്ച് ഉണർത്തുകയും സുഷ്മനാഡിയെ തുറപ്പിക്കുകയും ചെയ്യുന്നു. രാമമന്ത്രം അമൃതമാക്കുന്ന രസം ഉള്ളിൽ ഒഴിച്ചു അമൃതരസം നിറക്കുന്നു.

*സുഷ്മ്ന* : താമര തണ്ടിന്റെ ഉറകളുടെ മധ്യത്തിലുള്ള മധ്യനാഡി. ഇതിന്റെ മധ്യത്തിൽ ഉണർത്തുന്ന കുണ്ഡലിനിമേലേയുള്ള ചക്രത്തിലേ ക്കുപോവുന്ന്.

42

**ഉപജേനാദ സഹജ ബഹു - ഭാന്ത**
**അജപാ ജാപ ഭീതർ ഹോശാന്ത**
**രാമരാമ പദ ശക്തി ജഗാവേ**
**രാമരാമ ദുൻജഭി രമാവേ** 39

അനേകരീതിയുലുള്ള ദിവ്യധ്വനി സരളമായി ഉൽഭവിക്കുന്നു. മനസ്സ് ശാന്തമാക്കുന്നവൻ പ്രയത്ന മില്ലാതെ ജപം നിരന്തരം ആരംഭിക്കുന്നു. മനസ് രാമരാമന്റെ മധുരചിന്തയിൽ മുഴുകുമ്പോൾ രാമരാ മന്റെ പദം ആന്തരികശക്തികളെ ഉണർത്തുന്ന്.

*നാദം* : സമാധി അവസ്ഥയിൽ കേൾക്കപ്പെടുന്ന സൂക്ഷ്മ ശബ്ദം.

**രാമനാമ ജബ് ജഗേ അഭാംഗ**
**ചേതന-ഭാവ ജഗേ സുഖസംഗ**
**ഗ്രന്ഥി അവിദ്യാ ടുടേ ഭാരി**
**രാമലീലാ കി ഖിലേ ഷുൽവാരി** 40

എപ്പോൾ അവിരാമമായി നിരന്തരം രാമനാമം മനസ്സിൽ പ്രതിദ്ധ്വനിക്കുന്നതുകൊണ്ട് ഞാൻ ആത്മാവാണ്. എന്നചൈതന്യഭാവന പരമാനന്ദ പൂർകമായി സുഖസഹിതം ഉണർവുണ്ടാവുന്നു.

അവിദ്യയുടെ കെട്ട് ഞാൻദേഹമാക്കുന്നു എന്നുവെളിപ്പെടുന്നു. അജ്ഞാനതയുടെ കട്ട ഛിന്ന

ഭിന്നമാവുന്ന അപ്പോൾ രാമലീലരചനാ രൂപി പൂന്തോട്ടം തുറക്കപ്പെടുന്നു.

**പതീതപാവന പരമ പാഠം**
**രാമരാമ ജപയാഗ**
**സഫല സിദ്ധികർസാധനാ**
**രാമനാമ പ്രതി അനുരാഗ 41**

രാമനാമത്തിന്റെ ആവർത്തിച്ചുള്ള വിളിജപ യജ്ഞമാണ്. ഈ യജ്ഞം പാപികളെ പവിത്ര മാക്കുന്നതും ശ്രേഷ്ഠപഠനവുമാണ്. രാമനാ മത്തിൽ പ്രീതിസാധനയെ സഫലതാ പൂർവ്വക മായി സമ്പന്നമാക്കുന്ന്.

**തീൻലോക കാസമ ശ്രീയേസാർ**
**രാമനാമ സബ്ഹി സുഖകാർ**
**രാമനാമകി ബഹുത് ബഡായി**
**വേദപുരാണ മുനിജന ഗായി 42**

സുഖപ്രദാനം ചെയ്യുന്ന രാമനാമം വിശ്വത്തിന്റെ മുഴുവൻ ആത്മാവാണ് എന്നുമനസ്സിലാക്കിയാലും രാമനാമത്തിന്റെ മാഹാത്മ്യം അതിന്റെ പ്രതാപത്തെ വേദങ്ങളും പുരാണങ്ങളും മുനികൾ പൂർണ്ണമായും പാടിയിട്ടുണ്ടു.

തീൻലോകത്തിന്റെ അർത്ഥം - അഗ്നി ബീജ (അഗ്നിയുടെ സ്ഥാനം ഭൂലോകം) ആം - ആദിത്യ ബീജം

(സൂര്യന്റെ സ്ഥാനം സ്വർഗ്ഗലോകം) മാ ചന്ദ്രബീജം (ചന്ദ്രന്റെ സ്ഥാനം രണ്ടിന്റെയും മധ്യത്തിൽ അന്തരീക്ഷലോകം ആണ്) ഈ രീതിയിൽ രാമനാമം മൂന്നുലോകത്തിന്റെയും സാരമാണ്.

*മുനി* : മനസ്സിനെ നിയന്ത്രിക്കുന്നവൻ

**യതിസതി സാധുസന്ത സായാനേ**
**രാമ നാമ നീശാ ദിൻ ബഖാനേ**
**താപസ്സയോഗി സിദ്ധ ഋഷിവര**
**ജപതേ തമരാമ സബ്ബ സുഖകർ** 43

യതി, പതിവൃത, സാധ്വി, സാദുസന്തവും ബുദ്ധിമാനും എല്ലാവരും ദിവസവും രാത്രിയും രാമനാമത്തെ ഗുണഗാനം ചെയ്യുന്നു. തപസ്വിയോഗി, സിദ്ധനും ഋഷി-മഹർഷിയും എല്ലാസുഖങ്ങളുടെ ദാതാവ് രാമന്റെ ജപം ചെയ്യുന്നു.

*യതി* : ഇന്ദ്രിയങ്ങളേയും മനസ്സിനെയും നിയന്ത്രിക്കുന്നവൻ

*സതി* : പതിവ്രത

*സിദ്ധ* : ആദ്ധ്യാത്മിക ശക്തികളെ പ്രാപിച്ചവൻ

**ഭാവനാ ഭക്തി ഭരേ ഭജനീക**
**ഭജതേ രാമനാമ രമണീക**
**ഭജതേ ഭക്ത ഭാവഭർപൂർ**
**ഭ്രമ ഭയഭേദഭാവസേ ദൂർ** 44

ശ്രദ്ധയും ഭക്തിപൂർണ്ണവുമായ ഭജനം പാടുന്ന ഗായക ഭക്തൻ. അതിസുന്ദരമായ രാമനാമം ജപിക്കുന്നു. ഭക്തന്റെ - ഭാവനിർഭരമായും പ്രേമപൂർവകവുമായ ഭജന ഗുണഗാനത്താൽ സംശയവും, ഭയവും പക്ഷപാതവും ദൂരെപോവുന്നു.

**പൂർണ്ണ പണ്ഡിത പുരുഷ പ്രദാൻ**
**പാവന - പരമ പാഹിമാൻ**
**കർതേ രാമരാമ ജപ ധ്യാൻ**
**സുൻതേ രാമ അനാഹദ-താൻ 45**

സംപൂർണ വിദ്വാൻ, പവിത്രവും നേതാക്കന്മാർ ഈ പാഠത്തെ പരമപവിത്രയും പവിത്രമാക്കുന്ന വരെയും മാനിച്ചു രാമനാമത്തെ നിത്യവും ജപിച്ചും, ധ്യാനിച്ചും മനസ്സിൽ രാമ ശബ്ദത്തിന്റെ സൂക്ഷ്മ ദിവ്യദ്വനി കേട്ട് ആനന്ദവിഭോരരാകുന്നു.

*അനാഹത താൻ* : നാവിന്റെ അറ്റത്തു് പ്രകടമാക്കുന്ന വാണിയെ ബൈഖനി എന്നു പറയ പ്പെടുന്നു്. കണ്ഠത്തിൽ മധ്യമവും, ഹൃദയത്തിൽ പശയന്തിയും നാഭിമണ്ഡലത്തിൽ പ്രകടമാകുന്നതിനെ പരാവാണിയെന്ന് പറയപ്പെടുന്നു. പശയെന്തിയുടെ ശബ്ദത്തെ അനാഹത് അഥവാ അനഹത് നാദം എന്നു പറയുന്നു. ഈ നാദം ആ ജപാജപത്തിൽ നടക്കുന്നു.

46

**ഇസ്മേ സുരതി സുരമൊാതേ**
**രാമരാമ സ്വര സാധ സമാതേ**
**ദേവദേവിഗണ ദൈവവിധാതാ**
**രാമരാമ ഭജതേ ഗണ ത്രാത** 46

രാമനാദ ധ്വനിനാധത്തിൽ പ്രേമി അനുരക്തവും, ദേവതയും സാധുലീനതയും ലഭിക്കുന്നു. നഷ്ടപ്പെടുത്തുന്നു. ആനന്ദമഗ്നരാകുന്നു. രാമനാമത്തെദേവത ദേവികളും, ദിവ്യലോകവാസികളും ലോക സൃഷ്ടികർത്താവിനേയും ജനരക്ഷകനേയും ഭജിക്കുന്നു എന്നുവച്ചാൽ. വൈഷ്ണവരും, ശൈവരും, ശാക്തരും അവരവരുടെ ഇഷ്ടങ്ങളുമായി രാമനാമ ഭജനം ചെയ്യുന്നു്.

*സുര* : ഇന്ദ്രാതിദേവത

*ദേവ* : ബ്രഹ്മ, ശിവ മുതലായ ദേവതകൾ

*ദേവിഗണ* : സരസ്വതി, ലക്ഷ്മി, പാർവതി

*വിദാതാ* : സൃഷ്ടികർത്താവ്

*ഗണത്രാതാ* : ശിവ, വിഷ്ണു, ശക്തി, ഗണപതി മുതലായവർ

**രാമരാമ സുഗുണി ജന ഗാതേ**
**സ്വരസംഗീതസേ രാമ രിതധാതേ**
**കീർത്തനകഥാർതേ വിദ്വാൻ**
**സാരസരസവംശ സാധനവാൻ** 47

നല്ലഗുണമുള്ള വ്യക്തി രാമരാമനാമം പാടുന്നു. തന്റെ മധുര സ്വരം സുന്ദര ഗീതങ്ങളം രാമനെ പ്രസന്നനാക്കുന്നു. പഠിപ്പുള്ള ശാസ്ത്രജ്ഞനും, സാധകരും രാമന്റെ കീർത്തിപാടുന്നു. അദ്ദേഹത്തിന്റെ കഥനം, തത്വസഹിതം മധുരമായി ചർച്ച ചെയ്യുന്നു.

**മോഹക മന്ത്ര അതിമധുര**
**രാമരാമ ജപ ധ്യണൻ**
**ഹോതാ തീതോം ലോകമേ**
**രാമനാമ ഗുണഗാൻ** **48**

രാമരാമജപവും ധ്യാനവും അത്യന്തം മധുരവും ആകർഷകവും, മനസിനെ ആകർഷിക്കുന്ന മന്ത്രവുമാണ്. മുന്നുലോകങ്ങളിലും ഇതിന്റെ ഗുണഗാനം യശഗാനമായി നടക്കുന്നു.

**മിഥ്യാ മനകല്പിത മതജാൽ**
**മഥ്യാ ഹേ മോഹകുമുദ്ര ബൈതാൽ**
**മിഥ്യാ മന-മുഖിയാ-മനോതജ**
**സച്ചാഹേ രാമനാമജപ കാജ** **49**

മനസ്സാൽ രചിതമായ മനസ്സ് ദൃഢവും വേറെ വേറെയുള്ള മാർഗ്ഗം അസത്യവും, നശ്വരവുമാണ്. മോഹം അഹങ്കാരത്തിന്റെ ഭൂതവും അസത്യമാണു. മനസ്സിന് പ്രാമുഖ്യം നൽകി മനസ്സാൽ ശക്തിതമായി

നിയന്ത്രിക്കുക എന്നുവച്ചാൽ മനസ്സിലെ രാജ്യത്ത് വസിക്കുകയെന്നത്. മിഥ്യമാണ്. രാമനാമ ത്താലുള്ള ജപകാര്യങ്ങൾ മാത്രമാണ് സത്യം.

**മിഥ്യാഹേ വാദവിവാദ വിരോധ**
**മിഥ്യാഹേ വൈരനിന്ദാ ഹാ ക്രോധ**
**മിഥ്യാ ദ്രോഹ ദുർഗുണ ദുഃഖഖാൻ**
**രാമനാമ ജപ സത്യ നിദാൻ** **50**

ബന്ധനം മണ്ഡനം വ്യർത്ഥമായ തർക്ക വിതർക്കങ്ങളും പ്രതികൂലതയുടെ അസത്യമാണ്. ശത്രുത പരദൂഷണം വർണ്ണനം, ദുരാഗ്രഹം, ക്രോധം, ദുർഭാവന, ദുർഗുണം, മിഥ്യയും, ദുഃഖാലയങ്ങളാണ്. കോവലം രാമനാമ ജപം മാത്രമാണ്. സത്യത്തിന്റെ ഭണ്ഡാരം.

**സത്യമൂലക്ഹേ രചനാസാരി**
**സർവ്വ സത്യപ്രഭു -രാമ-പസാരീ**
**ബിജസേതരു മക്കടിസേതാർ**
**ഹുവാ ത്യോംരാമസേ ജഗ് വിസ്താർ** **51**

എല്ലാ സൃഷ്ടികളുടെയും മൂല കാരണം സത്യമാണ്. ഈ എല്ലാ സത്യങ്ങളുടെയും സത്യം പ്രഭുരാമനാൽ വികസിതമായി എന്നുവച്ചാൽ പ്രഭുരാമൻ ഇതിനെ വികസിപ്പിച്ച്. എപ്രകാരം ബീജത്തിൽ നിന്നും

വൃക്ഷവും എട്ടുകാലിയാൽ നൂലിന്റെ വലയും കെട്ടുന്നുവോ അപ്രകാരം തന്നെ രാമനാൽ ഈ പ്രപഞ്ചം മുഴുവൻ വിസ്തൃതമായി.

വിശ്വവൃക്ഷകാരമഹേമൂൽ
ഉസ്കോ തോ പ്രാണി കദിന ഭൂൽ
സാംസ-സാംസ സേ സിമർ സുജാൻ
രാമരാമ പ്രഭുരാമ മഹാൻ 52

വിശ്വമാകുന്ന വൃക്ഷത്തിന്റെ ആദിമൂലം ബീജമാക്കുന്ന രാമനാണ്. ഹേ, പ്രാണി നീ ഈ സത്യത്തെ ഒരിക്കലും മറക്കരുത്. അതുകൊണ്ട് ഹേ ബുദ്ധിജീവി നീ ഓരോ ശ്വാസോച്ഛ്വാസത്തിന്റെ കൂട്ടത്തിൽ ആ മഹാൻ പ്രഭുരാമനെ സ്മരിക്കുക.

ലയ ഉൽപത്തി പാലനാ രൂപ
ശക്തി ചേതനാ ആനന്ദ സ്വരൂപ
ആദി അന്ത് ഔർ മധ്യഹേരമേ
അശരണ ശരണ ഹേ രാമ വിശ്രാമം 53

നിസ്സഹായരുടെ സഹായകനായ രാമൻ അവർക്ക് ആശ്രയം നല്കുന്നവനാണ്, അവൻ വിദ്വംസസൃഷ്ടിയും പാലനകർത്താവുമാണ്. അവന്റെ സ്വഭാവം പരാശക്തിയും, ജ്ഞാനവും, ആനന്ദസച്ചിദാനന്ദവും ആയരാമൻ സൃഷ്ടിയുടെ ആരംഭവും മദ്ധ്യവും അന്ത്യവുമാണ്.

50

**രാമനാമ ജപദാവ സേ**
**മേരാ അപവനേ ആപ്പ്**
**പരമപുരുഷ പാലകപ്രഭു**
**ഹരതാ പാപ ത്രീതാപ 54**

അതുകൊണ്ട് ഹേ മനസ്സേ, നീസ്വയം സ്നേഹപൂർകവകമായി വളരെ ഭാവരൂചിയോടു കൂടി രാമനാമത്തെ ജപിക്കുക. രാമൻ പുരുഷോ ത്തമനും സ്വാമിയും എല്ലാവരുടേയും പാലകനും, പാപമോചകനും, മുന്നുലോകങ്ങളുടേയും പാപനാശകനുമാണു.

**രാമനാമ ബിനാ വൃഥാ വിഹാർ**
**ധന ധാന്യ സുഖ ഭോഗ പസാർ**
**വൃഥാഹേ സബ്ബസംപദാ സമ്മാൻ**
**ഹോാവേ തൻ യഥാ രഹിത പ്രാണ് 55**

എല്ലാ രീതിയുലുമുള്ള ഭോഗസഹിത ഭോഗ സാമഗ്ര, ധനധാന്യം, സുഖങ്ങളുടെ വിസ്താരം, രാമനാമത്തെ കുടാതെ വിരസമാണ്. എല്ലാ ഐശ്വര്യവും, മാനസ മ്മാനവും അതുപോലെ വ്യർത്ഥമാണ്. ജീവനി ല്ലാത്ത ശരീരം പോലെയാണ്.

**നാമ ബിനാ സബ്ബ് നീരസ സ്വാദ്**
**ജ്യോം ഹോ സുരഭിനാ രാഗവിഷാദ**
**നാമ ഭിനാ നഹിം സജേ സിംഗാർ**
**രാമനാമ ഹേ സബ്ബ് രസസാർ 56**

രാമനാമം ഇല്ലാതെ എല്ലാ സ്വാദും രസഹീനവും, അഴുക്കും ആണ്. എപ്രകാരം നല്ല സ്വരമില്ലാത്ത സംഗീതം അപ്രിയകര മാകുന്നുവോ, അതു പ്രകാരം പേരില്ലാത്ത ശൃംഗാരം അലങ്കാരം ആകർഷിതമല്ല - പ്രഭാവഹീനവും ആക്കുന്നു. രാമനാമം എല്ലാ സ്വാദിന്റെയും സരസവും ജീവനുമാണ്.

**ജഗത് കാജീവൻ ജാനോ രാമൻ**
**ജഗ്കീ ജ്യോതി ജാജ്വല്യമാൻ**
**രാമനാമബിനാ മോഹിനി മായാ**
**ജിവനഹീന യഥാ തന ഛായാ 57**

എല്ലാ പ്രപഞ്ചത്തിന്റെ ആത്മാവും രാമനെന്ന് അറയുക. വിശ്വാത്മാ എന്നാൽ സർവ്വാത്മാ) ലോകത്തെ പ്രകാശിപ്പിക്കുന്ന ദീപമാണ് രാമം. രാമനാമമില്ലാതെ രാമനെ ഭ്രവിപ്പിക്കുന്ന ശക്തിമായ, അതിനാൽ എല്ലാ സൃഷ്ടികാര്യവും നടക്കുന്നു. ഇതു ശരീരത്തിന്റെ നിഴലുപോലെ ഈജീവൻ ശൂന്യമായ നിഷ്പ്രാണം ആണ്.

സുതാ സമ ശ്രിയേ സബ്ബ് സംസാർ
ജഹാം നഹീ രാമനാമ സഞ്ചാർ
സുൻഃ ജാനിയേ, ജ്ഞാനവിവേക
ജിസ്മേ രാമ നാമ നഹി ഏക് 58

രാമനാമന്റെ വ്യാപ്തിയില്ലെങ്കിൽ ലോകം നശിച്ചെന്ന് മനസിലാക്കിയാലും. രാമനാമമി ല്ലാത്ത ജ്ഞാനം ശൂന്യമാണ്, മൂടൽ മഞ്ഞാണ്.

സുനേ ഗ്രന്ഥ് പന്ഥ മൽ പോഥേ
ബനേ ജോ രാമനാമ ബിന ഥോഥേ
രാമനാമ ബിന വാദ വിചാർ
ദാരി ഭ്രമകാകരേ പ്രചാർ 59

എല്ലാ ധർമ്മഗ്രന്ഥ ശാസ്ത്ര, സംപ്രദായവും ധാർമ്മിക സിദ്ധാന്തവും വലിയവലിയ പുസ്തകങ്ങളും രാമനാമമില്ലെങ്കിൽ നിരർത്ഥകമാണ്. രാമനാമമില്ലാത്ത ചർച്ചകൾ, തർക്കങ്ങൾ, ചിന്തനം, വലിയ ഭ്രമം വിരിക്കുന്നതാണ്.

രാമനാമ ദീപകബിനാ
ജനമന മേ അംദേർ
രഹേ, ഇസസേ ഹേ മമമൻ
നാമ സുമാലാ ഫേർ 60

രാമനാമ മാകന്ന ദീപം ഇല്ലെങ്കിൽ മനസ്സിൽ അന്ധകാരം പരക്കുന്നു. അതുകൊണ്ട് എന്റെമനമേ! നീ രാമനാമത്തിന്റെ സുന്ദരമായ മാലജപിക്കുക.

**രാമനാമ ബജകർ ശ്രീരാമ**
**കരിയേ, നിതൃഹി ഉത്തമകാമം**
**ജതനേ കർത്തവ്യ കർമ്മകലാപ**
**കരിയേ രാമരാമകർ ജാപിയേ 61**

രാമനാമ ശ്രീരാമന്റെ നാമം ജപിച്ച് ദിനവും ശ്രേഷ്ഠകർമ്മം. സ്യകൃതം, സൽകർമ്മം ചെയ്യലും എല്ലാ കർത്തവ്യങ്ങളും ചെയ്തു കർമ്മവും കാര്യവും ചെയ്തുകൊണ്ട് രാമനാമം ജപിച്ചാലും.

**കരിയേ ഗമനാഗമ കേ കാൽ**
**രാമ ജാപജോ കർതാ നിഹാൽ**
**സോതേ ജഗതേ സബ്ബ് ദിൻ യാമ**
**ജപിയേ രാമരാമ അഭിരാമ 62**

വരുമ്പോഴും പോകുമ്പോഴും രാമനാമം ജപിച്ചുകൊണ്ടിരുക്കുക എന്നത് സന്തുഷ്ടവും സന്തോഷം നല്കുന്നതുമാണ്. ഉറങ്ങുമ്പോഴും ഉണരുമ്പോഴും, എപ്പോഴും രാവും, പകലും, 8 പഹരിത്തിലും നിത്യവും സുന്ദരമനോഹര രാമാനാമ ജപിച്ചുകൊണ്ടിരുക്കുക.

ജപതേ രാമനാമ മഹാമാലാ
ലഗിതാ നരകദ്വാര പൈ താലാ
ജപതേ രാമരാമ ജപപാഠ
ജൽതേ കർമ്മബന്ദയഥാ കാഠ 63

രാമനാമത്തിന്റെ മഹാമാല ജപിച്ചു ജപിച്ചു നരകത്തിന്റെ വാതിലിനു പൂട്ടു ഇട്ടിരുക്കുന്നു എന്നുവച്ചാൽ രാമനാമം ജപിക്കുന്ന ഭക്തൻ നരകത്തിൽ പ്രവേശിക്കുകയില്ല, മറിച്ചു രാമരാമ ജപിച്ചു, ആവർത്തിച്ചാവർത്തിച്ചു കർമ്മം ചെയ്യുന്നതിനാൽ വിറക്കത്തുന്നതുപോലെ ബന്ധനം നശിച്ചുപോകുന്നു.

*ബന്ദനം* : സ്വാർത്ഥത, അഹങ്കാരം, ദ്വേഷ്യം, ഈർഷ്യാ, പ്രേരിത കർമ്മം ബന്ധിക്കപ്പെടുന്നു.

താൻ ജബ്ബ് രാമനാമ കടൂടെ
ഭാംഠാഭരാ അഭാഗ്യ ഭയഹൂടേ
മൻകാ ഹേ രാമ നാമ കാ ഐസാ
ചിന്താമണി പാരസമണി ജൈസാ 64

രാമനാമത്തിന്റെ ചിന്ത മനസ്സിൽ എപ്പോഴും പ്രതിധ്വനിക്കുന്ന്വോ അപ്പോൾ ഭയവും ദുർഭാ ഗ്യവും കൊണ്ട് നിറഞ്ഞു പാത്രംപൊട്ടിചിതറിപോ കുന്നു. മുറി

മുറികളായി പോകുന്നു. രാമനാമ മാകുന്ന ശ്രേഷ്ഠമായ ചിന്താമണി പാരസമണി പോലെയാണ്.

*പാരസമണി* : അമൂല്യകല്ല് ഇതു സ്പർശിച്ചാൽ ലോഹത്തെ സ്വർണ്ണമാക്കുന്നു.

രാമനാമ സുധാരസസാഗർ
രാമനാമ ജ്ഞാന ഗുണ ആഗർ
രാമനാമ ശ്രീ രാമ മഹാരാജ
ബവസീസു മെപ്രഹ അതുല്യ ജഹാജ 65

രാമനാമം അമൃതത്തിന്റെ സാഗരമാണ്. രാമനാമം ആത്മവിദ്യയുടേയും സത്ഗുണ ങ്ങളുടേയും അക്ഷയ ഭണ്ഡാരമാണ്. രാമനാമം ശ്രീ രാമമഹാരാജ-മഹാ സ്വാമി സംസാരരൂപി സാഗരത്തിന്റെ അദ്വൈതീയ കപ്പലാണ്.

രാമനാമ സബ്ബ് തീർത്ഥസ്ഥാൻ
രാമരാമ ജപ പരമ സ്ത്ഥാൻ
ധോക്കർ പാപതാപ സബ്ബ് ദൃശ്
കർദേ ഭയഭ്രവകോ ഉന്മുശ് 66

രാമനാമത്തിൽ എല്ലാ തീർത്ഥ സ്ഥാനങ്ങളും അടങ്ങിയിട്ടുണ്ടു. രാമ രാമ ജപം സർവ്വോത്തമ സ്ഥാനം പുറത്തും അകത്തും പവിത്രം ആക്കുന്നു. ഇതു പാപം

താപം മുതലായ കഴുകി കളഞ്ഞു. ഭയം, സംശയം, ഭ്രാന്തി, ഇത്യാദി ദുർഗുണങ്ങളെ വേരോടെ പിഴുതുകളയുന്നു.

**രാമജാപ രഹതേജ സമാൻ**
**മഹാ മോഹ തമ ഹരേ അജ്ഞാൻ**
**രാമ ജാപദേ ആനന്ദ മഹാൻ**
**മിലേ ഉസേ ജിസേ ദേ ഭഗവാൻ** 67

രാമജപം സൂര്യ പ്രകാശം പോലെയാണ്. അതുമോഹത്തിന്റെയും അജ്ഞാനതയുടെയും ഘോര അന്ധകാരത്തെ ദുരെയകറ്റുന്നു. വാസ്തവ ത്തിൽ രാമജപം അത്യധികം പരമാനന്ദ പ്രദാനം ചെയ്യുന്നു. പക്ഷേ ആർക്ക് ഭഗവാൻ ഈ ആനന്ദം നല്കുന്നവോ അവർക്കു മാത്രം നല്കുന്നു.

**രാമനാമ കോ സിമരിയേ**
**രാമരാമ ഏക താർ**
**പരമ പാഠ പാവനപരമ**
**പതിത അധവദേ താർ** 68

അവിരാമവും അനവരതവുമായി രാമനാമം ജപിക്കുക. ഇത് ശ്രേഷ്ഠതരമായ പാഠം ആണ്. സർവ്വാധികം പവിത്രമാക്കുന്ന വയാണ്. മാത്രമല്ല,

നീചപാപിയെയും അതിദുഷ്ടനേയും രക്ഷിക്കുന്ന വയാണ്.

മാങ്കും മൈ രാമകൃപാ ദിനരാത്
രാമകൃപാ ഹരേ സബ്ബ് ഉൽപാത്
രാമകൃപാ ലേവാ അന്ത സംദാൽ
രാമ പ്രഭു ഹെ ജന്റ്റ് പ്രതിപാൽ69

ഞാൻ പകലും രാത്രിയും രാമകൃപക്കായി യാചിക്കുന്നു എന്തുകൊണ്ടെന്നാൽ രാമകൃപ എല്ലാ അനർത്ഥങ്ങളെയും ദുർദശയാൽ, ഉണ്ടാവുന്ന കഷ്ടനഷ്ടങ്ങളിൽ നിന്നു രക്ഷിക്കുന്നു. രാമകൃപ അന്ത്യസമയം രക്ഷനല്കുന്നു. രാമ പ്രഭു എല്ലാവരുടെയ്യും രക്ഷകനാണ്.

രാമകൃപാഹേ ഉച്ചതരയോഗ
രാമ കൃപാ ഹേ ശുഭസംയോഗ
രാമകൃപാ സബ്ബ് സാധന മർമ്മ
രാമ കൃപാ സംയമ സത്യധർമ്മ70

രാമ കൃപാ സർവ്വോച്ചയോഗമാണ്. രാമകൃപ പരമ സൗഭാഗ്യവും, സുഅവസരവും ദൈവയോ ഗവും, ആണ്. രാമകൃപ എല്ലാ ആദ്ധ്യാത്മികസാധ നകളുടെയും അഭ്യാസ ങ്ങളുടെയും രഹസ്യവും ഗോപനിതത്വവുമാണ്. രാമകൃപതന്നെവാസ്ത്ത വിക

58

ഇന്ദ്രിയ ഭവനവും മനോനിഗ്രഹവും സത്യധർമ്മ വുമാണ്.

**രാമനാമ കോ മൻമേ ബസാതാ**
**സുപഥ രാമകൃപാ കാഹേ പാനാ**
**മൻമേ രാമധുൻ ജബ്ബ്ഫിരേ**
**രാമകൃപാ തബ്ബ് ഹി അവതരേ 71**

മനസ്സിൽ രാമനാമത്തെ സ്ഥാപിക്കുന്നത്‌രാമ കൃപകിട്ടാനുള്ള സുന്ദര മാർഗ്ഗസാധനയാണ്. എപ്പോൾ രാമ നാമം മനസ്സിൽ പ്രതിധ്വനിക്കുന്നുവോ അപ്പോളാണ് രാമകൃപ ലഭിക്കുന്നത്.

*ധുൽ* : സുരതാളങ്ങളോടെ രാമനാമം മനസ്സിൽ പോവുക ധ്വനിയും പ്രതിധ്വനിയും.

**രഹുംമൈ നാമമേ ഹോ കർലിൻ**
**ജൈസേ ജൽമേ ഹോ മീൻ അദിൻ**
**തമകൃപാ ദർപൂർ മൈ പാവും**
**പരമ പ്രഭു കോ ഭീതർ ലാവും 72**

എപ്രകാരം മത്സ്യം വെള്ളത്തിൽ നിർഭയമായി സന്തോഷപൂർവം വസിക്കുന്നുവോ അപ്രകാരം ഞാൻ രാമനാമത്തിൽ നിമഗ്നമായി ഇരിക്കുന്ന്. ഞാൻ വേണ്ടുവോളം രാമ കൃപപ്രാപിക്കുകയും തന്റെ പ്രിയതമനായ സ്വാമിയെ മനസിൽ പ്രതിഷ്ഠിക്കും

എന്തെന്നാൽ രാമനിലും രാമകൃപയിലും വ്യത്യാസമില്ല.

**ഭക്തി ഭാവസേ ഭക്തി സുജാൻ**
**ഭജതേ രാമകൃപാ കാ നിധാൻ**
**രാമകൃപാ ഇസ്ജൻമേ ആവോ**
**ജിസ്മേ ആപ്പ് ഹീ രാമ ബസാവേ** 73

***ബുദ്ധിമാൻ*** : ശ്രദ്ധയാലും, ഭക്ത പ്രേമപൂർവക ഭക്തി ഭാവനാ സഹിതം കൃപയുടെ പരമമായ രാമനെ ഭജിക്കുന്നു. രാമകൃപ ആഭക്തിയിൽ അവതരിക്കുകയും അതിൽ സ്വയം കൃപവർഷിക്കുകയും ചെയ്യുന്നു.

**കൃപാ പ്രസാദ ഹേ രാമകി ദേനീ**
**കാൽ-പ്യാൽ ജർജാൽ ഹർലേനീ**
**കൃപാപ്രസാദ സുധാസുഖ സ്വാദ്**
**രാമനാമദേ രഹിത വിവാദ** 74

കൃപാരൂപി പ്രസാദം രാമനാൽ നല്കപ്പെട്ട സമ്മാനമാണ്. ഇതു കാലമാക്കുന്ന സർപ്പമാകുന്ന നാഗത്തിന്റെ ചുറ്റിയക്കുണ്ഡലിയാൽ വേദനയിൽ നിന്നും മോചനം ലഭിക്കുന്നു. നിസ്സന്ദേഹം, നിർവിവാദം രാമന്റെ പേരു കൃപയാക്കുന്ന പ്രസാദത്താൽ അമൃതമാകുന്ന സുഖത്തിന്റെ സ്വാദ്നൽകുന്നു.

**പ്രഭു പ്രസാദ ശിവ ശാന്തി - ദാതാ**
**ബ്രഹ്മ ധാമ മെ ആപ് പഹുംചാതാ**
**പ്രഭു പ്രസാദ പാവേ വഹ് പ്രാണി**
**രാമരാമ ജപേ അമൃതവാണി 75**

പ്രഭുവിനാൽ നല്കുപ്പെട്ട കൃപാപ്രസാദ് എന്തെന്നാൽ പ്രഭു പ്രസന്നത, മാംഗലികയാണ്. ശാന്തി പ്രസാദമാണ്. പ്രസാദം സ്വയം ബ്രഹ്മാധാവിലേക്ക് കൊണ്ടുപോവുന്നു. ഈ പ്രസാദം ആരുരാമരാമ മന്ത്രം ദിവ്യശബ്ദത്തിന്റെ ജപംനിരന്തരം ചെയ്യുന്നുവോ അവർക്കു മാത്രം ലഭിക്കുന്നു.

**ഔഷധ രാമനാമ കി ഖായിയേ**
**മൃത്യും ജഞ്ചകേരോ മിടായിയേ**
**രാമനാമ അമൃത രസപാൻ**
**ദേതാ അമൽ അപ നിർവാണ 76**

രാമനാമത്തിന്റെ ഔഷിധിയുടെ സേവനം ചെയ്യലും, ജന്മമരണരോഗത്തിൽ നിന്നും മോചിത രായാലും, രോഗത്തെ നഷ്ടപ്പെടുത്തി യാലും രാമനാമരൂപി അമൃതത്തിന്റെ സേവനം ശുദ്ധവും സുഷ്സ്പഷ്ടമായ സ്ഥിരമോക്ഷപ്രദാനം ചെയ്യുന്നു.

**രാമരാമ ധുൻ ഗുംജ സേ**
**ഭവഭയ ജാതേ ഭാഗ**
**രാമനാമ ധുൻ ധ്യാൻസേ**
**സബ്ബ്ശുഭ ജാതെ ജാഗ 77**

രാമനാമ ശബ്ദത്തിന്റെ പ്രതിധ്വനിയാൽ ജന്മമരണത്തിന്റെ ഭയം ദൂരെയാവുന്നു. രാമനാമധ്വനിയെ ധ്യാനിച്ച് ഏകാഗ്ര ചിത്തമായാൽ എല്ലാ നന്മകളും പ്രകടമാവുകയും സൗഭാഗ്യം ഉദിക്കുകയും ചെയ്യുന്നു.

**മാങ്കൂം മൈ രാമനാമ സഹാദാൻ**
**കർത്താ നിർദ്ധാസ്സ കാ കല്യാണ**
**ദേവ ദ്വാർ പർ ജന്മ കാഭുഖാ**
**ഭക്തി പ്രേമ അനുരാഗ സേ രൂപാ** 78

ഞാൻ രാമനാമത്തിന്റെ വിശിഷ്ടദാനം യാചിക്കുന്നു പ്രഭു രാമനാൽ അദ്ദേഹത്തിന്റെ മധുര നാമത്തിന്റെ മഹാനായ ഉച്ചതമമായ ദാനം പ്രാപിക്കുന്നു. ഇതു നിർദ്ധനവും നിർബലവും ദരിദ്രരേയും ഉദ്ധരിച്ച് മംഗളം ചെയ്യുന്നവനാണ്. ഞാൻ ജന്മ ജന്മാന്തരം വിശന്ന്യ രാമദ്വരത്തിൽ നില്ക്കുന്നു. എന്നിൽ ഭക്തിയില്ല, പ്രേമമില്ല, ശ്രദ്ധയില്ല അനുരക്തിയുമില്ല.

**പർഹും തേരാ യഹ്‌ലിയേടേർ**
**ചരണ് പടേ കി രഖിയോ മേർ**
**അപനാഅപ വിരദ വിചാർ**
**ദിജചിയേ ഭവവൻ, താമ പ്യാർ** 79

എന്നാൽ എന്റെ കരുണാപൂർണ്ണമായ വിളിയിതാണ്. ഞാൻ നിന്റെതാണ്. അതുകൊണ്ട്

പാദങ്ങളിൽ വീണ എന്നെ രക്ഷിക്കുക, എന്നിൽ ദയതോന്നി കൃപചെയ്യുക. ഹേ പ്രഭു താങ്കൾ എന്റെ കുറവുകളെ ഓർക്കാതെ തന്റെ സാമർത്ഥ്യ സ്വഭാവം അവിടത്തെ നാമധേയത്തിൽ എന്നെ അനുഗ്രഹിച്ചാലും.

രാമനാമ നെ വേഭിതാരെ
ജോഥെ അധർമ്മി അധമ ഹത്യാരേ
കപടി ക്കുടിൽ കുകർമ്മി അനേക
തർഗയേ രാമനാമലേ ഏക് 80

രാമനാമം എല്ലാ വരെയും രക്ഷിക്കുന്നു എന്നു വച്ചാൽ ധർമ്മ ഹീനരായ നാസ്തികരെയും നീചരെയും കൊലയാളിയെയും, വഞ്ചകനേയും, മോശക്കാരെയും വെറുക്കപ്പെട്ട നീചകർമ്മം ചെയ്യുന്ന അനേക പാപികളായിരുന്നവരേയും രാമനാമ ത്താൽ രക്ഷിക്കുകയും ഉദ്ധരിക്കുകയും ചെയ്യുന്നു.

തർഗയേ, ധൃതി-താരണാ ഹീൻ
ധർമ്മകർമ്മമെ ജന അതിദീൻ
രാമരാമ ശ്രീരാമ ജപജാപ
ഹുയേ അതുൽ വിമൽ - അപാപ 81

ദൃഢ നിശ്ചയമില്ലാത്തവനോ, അവിശ്വാസി യായിരിക്കുന്നവനോ, അസഹന ശീലനോ, ഭഗവാ നിൽ സ്ഥിരവിശ്വാസമില്ലാത്തവനോ അധർമ്മ കർമ്മം ചെയ്യുന്നവനോ, തന്റെ കർമ്മത്താൽ തുച്ഛനോ, ആയവൻ രാമനാമ ശ്രീരാമത്തെ ജപിച്ച്ു ജപിച്ച്ു പാപമോചകരം ലഭിച്ച്ു പവിത്രമാക്ക പ്പെട്ടാൽ അവരുടെ ശുദ്ധതയെ അളക്കുവാൻ കഴി യുക യില്ല. എന്നുവച്ചാൽ അവരെല്ലാം തീർത്തും എന്നന്നേക്കും അയിപാപ രഹിതരായി കഴിഞ്ഞു.

*ധൃതി* : ധൈര്യം - ദൃഢനിശ്ചയം - ദൃഢസങ്കല്പം

**രാമനാമ വൻ മുഖ വെബോലേ**
**രാമനാമ ഭീതർ പടഖോലേ**
**രാമനാമസേ കമൽ വികാസ്**
**ഹോവേ സബ്ബ് സാധൻ സുഖരാസ** 82

മുഖവും മനസ്സും കൊണ്ടു രാമനാമം ജപിച്ചാൽ മനസ്സിന്റെ വാതിൽ തുറക്കുകയും അജ്ഞാന തയുടെ പർദ ദൂരെപോവുകയും മുറിയുകയും ചെയ്യുന്ന രാമനാമത്താൽ ഹൃദയം വികസിക്കുക യും അരളുകയും സാധന സുഖമയവും ആനന്ദപ്രദ മാവുകയും ചെയ്യുന്നു എന്നുവച്ചാൽ സഫല മാവുന്നു.

**രാമനാമഘട ഭിതർ ഭസെ**
**സാംസ സാംസ നസ നസ സേരസേ**
**സപനെ മെ ഭിനഹസംരനാമ**
**രാമരാമ ശ്രീരാം രാമരാമ 83**

എപ്പോൾ രാമനാമം ശരീരത്തിലും മനസ്സിലും വസിക്കുമോ, ശ്വാസത്തിലും നാടികളിലും അടിക്കുമോ എന്നുവച്ചാൽ രാമനാമം മനസ്സിൽ ഉറയുമ്പോൾ ഓരോ രോമത്തിലും അംഗത്തിലും ഇങ്ങനെയുള്ള ബന്ധമുണ്ടാക്കുന്ന - പർവ്വത കണ്ണാടിയിൽ നിന്ന് വെള്ളം സ്പടിക്കുന്ന അപ്പോൾ സ്വപ്നത്തിലും ഒരിക്കലും രാമനാമം വിസ്മരക്കു കയില്ല. രാമരാമ ശ്രീരാമനെ നിത്യവും ഓർക്കുന്നു, നാമസ്മരണം നിത്യവും ഇണ്ടായികൊണ്ടിരിക്കുന്ന്.

**രാമനാമം കെമോൽ സെ**
**സധ ജാതേ സബ്ച്കാമം**
**ദേവദേവ ദേവേയദാ**
**ദാൻ മഹാസുഖ-ധാമം 84**

രാമനാമത്തിന്റെ സംയോഗത്താൽ എല്ലാ കാര്യസിദ്ധിയും പൂർണ്ണമാവുന്നു. വ്യക്തിധന്യ രാക്കുന്ന കാര്യങ്ങൾ കൃത്യമാവുന്നു. ഈ അത്യധിക സുഖം ഒരിക്കലും ക്ഷയിക്കുകയില്ല ധാമ ഭണ്ഡാരം മഹാ ദാനത്തിന്റെ രൂപത്തിൽ ദേവരുടെ ദേവനാമ രാമൻ നൽകുമ്പോൾ നമുക്കു ലഭിക്കുന്ന.

**അഹോഭാഗ്യ രാമനാമധൻ പായാ**
**കാൽ മെ രാമനാമ ജബ് ആയാ**
**മുഖസേ രാമനാമ ജബ് ഗായാ**
**മൻസേ രാമനാമ ജബ് ധ്യായാ 85**

എപ്പോൾ രാമനാമം എന്റെ ചെവിയിൽകേട്ടു വോ അപ്പോൾ മുതൽ രാമനാമരൂപീധനം എനിക്കു ലഭിച്ചുവെന്നതു് എന്റെമഹാ ഭാഗ്യമാണു്. എപ്പോൾ മുതൽ രാമനാമം മുഖത്തിൽ നിന്ന് പാടാൻ ഏകാഗ്രമായി ധാനിക്കുവാൻ തുടങ്ങിയോ അപ്പോൾ രാമനാമം ലഭിച്ചു.

**പാക്കർ രാമനാം ധനരാശി**
**ഘോർ അവിദ്യാ വിപത് വിനാശി**
**ബഢാ ജബ്ബ് രാമ പ്രേമ കാപൂർ**
**സങ്കട സംശയഹോ ഗയേ ദൂർ 86**

രാമനാമത്തിന്റെ ധനം ലഭിച്ചതിനുശേഷം അവരുടെ ആഴമായ അജ്ഞാനതയാൽ ഉണ്ടായ മഹാ ദുഃഖം നഷ്ടമായി. രാമനെ പ്രതിഷ്ഠിച്ചാൽ ഹൃദയം നിറയുമ്പോൾ എല്ലാ സങ്കട സംശയവും ദൂരെയാവുന്നു. ഭഗവത് പ്രേമമാകുന്ന പ്രളയം നിറഞ്ഞു കവിയുമ്പോൾ എല്ലാ സങ്കട ദ്രവങ്ങളും ദൂരെ ഒഴുകി പോവുന്നു്.

**രാമനാമ ജോ ജപേ ഏക്കബോർ**
**ഉസ്കേ ഭിതർ കോഷ ക്കുബേർ**
**ദീന ദുഃഖിയാ-ദരിദ്ര കങ്കാൾ**
**രാമരാമ ജപ ഹോവേ നിഹാൽ** 87

ഇതു വരെയും ആരെങ്കിലും ഒരുപ്രാവശ്യ മെങ്കിലും രാമനാമം ജപിച്ചാൽ അവരുടെ മനസ്സിലും ഈഌപേരിന്റെ സമ്പത്ത് ശേഖ രിക്ക പ്പെടുന്നു. എത്രമാത്രം ദേവതകളുടെ കോഷാധ്യ ക്ഷധനം ഖജനാവിൽ നിറഞ്ഞിരിക്കുന്നുവോ അത്രമാത്രം നിറയപ്പെടുന്ന്. രാമനാമം ജപിക്കുന്നതിനാൽ, അവൻ എത്രമാത്രം നിസഹായനോ, മാർഗ്ഗമില്ലാത്തവനോ, നിർദ്ധനനോ, നിർബലനോ, ദുഃഖി ദരിദ്രനോ, വ്യഥയാൽ നിറഞ്ഞവനോ ആകട്ടെ അവൻ സമൃദ്ധിയാലും ദൈവഭയത്താലും നിറഞ്ഞു ഭാഗ്യശാലിയായി തിരുന്നു.

**ഹൃദയരാമനാമസേ ഭരിയേ**
**സബയരാമനാമ ധൻ കരിയേ**
**ഘട മെ നാമ മൂർത്തി ധരിയേ**
**പൂജാ അന്തർമുഖ ഹോ കരിയേ** 88

തന്റെ ഹദയത്തെ രാമനാമത്താൽ പരിപൂർണ്ണമായി നിറച്ചാലും, രാമനാമ രൂപിധനത്തെ മാത്രം

ശേഖരിച്ചാലും, ഈസത്യമായ ധനത്തെ സംഗ്രഹിക്കുക. തന്റെ മനസ്സിലുള്ള രാമനാമ മാകുന്ന മൂർത്തിയെ സ്ഥാപിച്ചും മനസ്സിനു ള്ളിലേയ്കു തിരിഞ്ഞു. ആരാധിക്കുക അന്തസ്സിൽ അന്തകരണത്തിൽ ഹൃദയത്തിൽ വസിക്കുന്ന പ്രഭുരാമനെ ആരാധിക്കുക.

**ആംഖോ മുംദുക്കേ സുനിയേ സിതാർ**
**രാമരാമ സുഖദൂർ രാധാകർ**
**ഉസ്സ് മൻകാ മേൽ വിലാംഓ**
**രാമരാമ സുർമേ ഹിസമാംഓ** 89

ഉള്ളിൽ അടിച്ചുകൊണ്ടിരിക്കുന്ന ശബ്ദ തരംഗത്തെ കണ്ണുകളടച്ച് രാമരാമ എന്ന മധുര ശബ്ദത്തേ കേട്ടാലും എന്നുവച്ചാൽ ഉള്ളിൽ അടിച്ചുകൊണ്ടിരിക്കുന്ന രാമരാമ പ്രതിധ്വനിയെ കണ്ണകളടച്ചു ശ്രവിച്ചാലും, അതിനെ മനസ്സിൽ കേൾക്കുകയും രാമനാമ ചിന്തയിൽ ലയിച്ചു വിലീനമായി സ്വയം നഷ്ടപ്പെടുക.

**ജപും മൈ രാമരാമ പ്രഭു രാമ**
**ധ്യാഊം മൈ രാമരാമ ഹരേരാമ**
**സിമന്ദ്രും മൈ രാമരാമ പ്രഭുരാമ**
**ഗാഊം മൈ രാമ രാമ രാമ ശ്രീരാമ** 90

ഹേ രാമ, ഞാൻ എപ്പാഴും രാമരാമനെന്ന് ജപിക്കും. ഹേ പ്രഭു ഞാനെപ്പോഴും രാമനാമത്തെ ധ്യാനിക്കും.

ഹേ ഹരിഹേ സ്വാമി, ഞാനെപ്പോഴും രാമ രാമനെ ധ്യാനിച്ചും എപ്പോഴും രാമ രാമ ശ്രീരാമ എന്ന് പാടുകയും ചെയ്യും.

**അമൃതവാണി കാ നിത്യ ഗാനാ**
**രാമരാമ മൻ ബിച്ച്രമാനാ**
**ദേതാ സങ്കട വിപത് നിവാർ**
**കർതാ ശുഭ ശ്രീ മഗളാചാർ** 91

ഈ ദിവ്യ അമരത്വമാകുന്ന വാണിയെ നിത്യവും കീർത്തനത്താലും സങ്കീർത്തനങ്ങളാലും സ്തുതിക്കുന്നതെന്നാൽ തന്റെ മനസ്സാകുന്ന മന്ദിരത്തിൽ രാമനെ പ്രതിഷ്ഠിക്കുകയെന്നാണ്. നിത്യവും കീർത്തനം ചെയ്യുമ്പോൾ മനസ്സിലെ ദുഃഖം ആപത്തിനെ തടയുന്നു. നിയന്ത്രിക്കുന്നു. സൗഭാഗ്യം, വൈഭവം, ഐശ്വര്യം, മുതലായവ പ്രദാനം ചെയ്യുന്ന സുഖദാതാവാണു. മംഗള കാരിയും ശുഭാരംഭവും ആണു.

**രാമനാമ ജപ പാഠ സേ**
**ഹോ ആമൃത സഞ്ചാർ**
**രാമധാമമേ പ്രീതിഹോ**
**സുഗുണ ഗണ കാവിസ്താർ** 92

രാമനാമത്തിന്റെ ജപവും സങ്കീർത്തനവും ഗുണഗാനവും ചെയ്യുമ്പോൾ അമൃതത്തിന്റെ മധുര

സഞ്ചാരം ഉണ്ടാവുന്നു. എന്നുവച്ചാൽ ഇതു മാധുര്യത്തിന്റെ ഉദയവും വ്യാപ്തിയും നല്കുന്നു. അതുകൊണ്ട് രാമനേയും അദ്ദേഹത്തിന്റെ നിവാസസ്ഥാനത്തേയും സ്നേഹിക്കുകയും സത്ഗുണ സമുഹത്തിന്റെ വ്യാപ്തി ഉണ്ടാവുകയും നല്ലനല്ല ദിവ്യഗുണങ്ങളാൽ അഭിവൃദ്ധി പ്പെടുകയും ചെയുന്നു.

താരക മന്ത്ര രാമഹേ
ജസ്കാ സുഫൽ അപാർ
ഉസ് മന്ത്രകേ ജാപസേ
നിശ്ചയ ബനേ നിസ്താർ 93

രാമനാമം രക്ഷിക്കുന്ന മന്ത്രമാണ്. ഉദ്ധാരം ചെയ്യുന്നവയാണ്. വിമോചനം നല്കുന്നവയാണ്. അവ അനേകം ലാഭം, സുഖഭോഗം സഫലതയും സിദ്ധികളും നല്കി ആനന്ദത്തിൽ ആറാടിക്കുന്നവയാണ്. ഈ മന്ത്രം ജപിച്ചാൽ മുക്തി (മോക്ഷം) പ്രാപ്തി, നിർവാണം, രാമ ഭവന ലബ്ധി, ഭഗവത്സാ ക്ഷാൽകാരം, പരമ പദത്തിന്റെ പ്രാപ്തി, അത്മ പരമാത്മാൽ ഉള്ളലയനം, ഐക്യത, ഏകരുപതാലാഭം മുതലായവ ലഭിക്കുമെന്നു. സുദൃഢമായി നിശ്ചയിച്ചാലും (വിശ്വസിച്ചാലും)

## ധുന-ചിന്ത

1. ബോലോരാമ, ബോലോ രാമ, ബോലോരാം, രാമ രാമ
2. ശ്രീരാം, ശ്രീരാം, ശ്രീരാമ രാമ രാമ
3. ജയജയരാമ, ജയജയരാമ, ജയജയ രാമരാമരാമ
4. ജയരാമ ജയരാമ ജയരാമ രാമ രാമരാമ രാമ ജയജയരാമ
5. പതിതപാവന നാമ, ഭജലേ രാമ രാമ രാമ ഭജലോ രാമ രാമ രാമ ഭജലേ രാമ രാമ രാമ
6. അശരണ, ശരണ, ശാന്തി, കെ ധാമ
   മുഝേ ഭരോസാ തേരാ രാമ
   മുഝേ ഭരോസാ തേരാ രാമ
   മുഝേ ഭരോസാ തേരാ രാമ
7. രാമായ നമഃ ശ്രീ രാമായ നമഃ
   രാമായ നമഃ ശ്രീ രാമായ നമഃ
8. അഹം ഭജാമി രാമം, സത്യം, ശിവം മംഗളം
   സത്യം, ശിവം, മംഗളം, സത്യം ശിവം, മംഗളം

71

വൃദ്ധി-ആസ്തിക ഭാവകി
ശുഭ മംഗള സഞ്ചാർ
അഭ്യുധയ സത്യധർമ്മ കാ
രാമനാമ വിസ്താർ

പരമേശ്വർ ശ്രീരാമസേ നിഷ്കാമ പ്രാർത്ഥനാ
വിശ്വത്തിൽ ഈശ്വരനെ പ്രതി ആശധ്യം

ഈശ്വരജ്ഞാനത്തെ പ്രതി ശ്രദ്ധിപൂർണ്ണ
വിശ്വാസവും വർദ്ധിക്കട്ടെ ലോകം മുഴുവനിലും
ശുഭവും മംഗളവും വ്യാപിക്കട്ടെ സത്യധർമ്മത്തിന്റെ
ഉദ്‌യവും രാമനാമത്തിന്റെ വ്യാപകവും ഉണ്ടാവട്ടെ